(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.10/749/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-dokkd.ksad@kerala.gov.in

തീയതി 22.09.2020

ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കക്കോടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: കക്കോടി ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട്ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.10/749/2020 തീയതി: 22.09.2020

**കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2020തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ 27.07.2020വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| ശ്രീ.മനോഹരൻ.എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ജെ.ധീരജ് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.സി.പി.സതീഷ് കുമാർ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ടി.പി.അബ്ദുൾ നസീർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.എസ്.സുരേഷ് കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ചോയിക്കുട്ടി | 1.4.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.ബി.ബാബുപ്രസാദ് | 1.4.2018മുതൽ 31.03.2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എൻ.ശൈലേന്ദ്രൻ | 01.04.2018 മുതൽ 23.08.2018 വരെ |
| | ശ്രീമതി.നിർമ്മല അഗസ്റ്റിൻ | 24.08.2018 മുതൽ 11.10.2018 വരെ |
| | ശ്രീമതി.എൻ.ഭുവനേശ്വരി | 12.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കെ.ജീന | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.നസീമ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ചിത്രു മുകുന്ദൻ | 01.4.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.എ.എ.ജയാന | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/<br>ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഇ.അരുൺ | 01.04.2018 മുതൽ 06.09.2018 വരെ |
| | ശ്രീമതി.വി.വിനിഷ | 07.09.2018 മുതൽ 31.3.2019 വരെ |
| | ശ്രീമതി.സുസ്മിത | 01.04.2018 മുതൽ 31.05.2018 വരെ |
| | പി.എം.നിസാദ് | 01.06.2018 മുതൽ 04.01.2019 വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി.വി.വിനിഷ<br>(അഡീഷണൽ ചാർജ്ജ്) | 05.01.2019 മുതൽ 14.01.2019 വരെ |
| | ശ്രീമതി.പി.ബി.ജെൻഷി | 14.01.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീതി.സി.കെ.ഗീത | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഒ.കെ.സാദിക് | 01.04.2018 മുതൽ 31.03.2019 വരെ. |

**ഉള്ളടക്കം**



| ക്രമ നമ്പർ | ഖണ്ഡിക | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | ഫണ്ട് വിനിയോഗം |
| 3 | 1-3 | പദ്ധതി അവലോകനം |
| 4 | 1-4 | ക്യാഷ് പരിശോധന |
| 5 | 1-5 | ആഭ്യന്തരനിയന്ത്രണം |
| 6 | 1-6 | വാർഷികകണക്കുകളിലെ അപാകതകൾ |
| 7 | 1-7 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. |
| 8 | 1-8 | മത്സ്യമാർക്കറ്റ്-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുമ്പ് ലേലം ചെയ്തു. |
| 9 | 1-9 | തുടർച്ചയായി തുക വകയിരുത്തി ഫണ്ട് ലാപ്സാകുന്നു |
| 10 | 1-10 | സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണം - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച |
| 11 | 1-11 | വരൾച്ച കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 12 | 1-12 | സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി |
| 13 | 1-13 | തെരുവു വിളക്ക സ്ഥാപിക്കൽ/വാർഷിക മെയിന്റനൻസ് :പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 14 | 1-14 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ : ഫർണ്ണിച്ചറിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| 15 | 1-15 | ദുരിതാശ്വാസ നിധി -ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല |

| | | |
|---|---|---|
| 16 | 1-16 | ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല |
| 17 | 1-17 | ജീവനക്കാരുടെ യാത്രാ ബത്ത -ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 18 | 1-18 | ശുചിത്വമിഷൻ ഫണ്ട്-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 19 | 1-19 | തച്ചയിൽതാഴം - ന്യൂ ബസാർ കനാൽ റോഡ് നിർമ്മാണം-പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 20 | 1-20 | സ്യൂട്ട് രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല. |
| 21 | 1-21 | വൗച്ചറുകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 22 | 1-22 | ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ. |
| 23 | 1-23 | വാഴകൃഷി വികസനം -പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ. |
| 24 | 1-24 | തെങ്ങുകൃഷി വികസനം - വളം വാങ്ങി വിതരണം ചെയ്തതും ഗുണഭോക്തൃ വിഹിതം പിരിച്ചതും ക്രമപ്രകാരമല്ല. |
| 25 | 1-25 | ഇടവിള കൃഷി,പച്ചക്കറി വികസനം,ഫലവൃക്ഷതൈ വിതരണം -പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ |
| 26 | 1-26 | ഹരിതകേരളം പദ്ധതി നടപ്പാക്കുന്നതിൽ കാർഷിക മേഖലയുടെ പങ്ക്- അവലോകനം |
| 27 | 1-27 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല |
| 28 | 1-28 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| 29 | 1-29 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല |
| 30 | 1-30 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു |
| 31 | 1-31 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു |
| 32 | 1-32 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി :അപാകതകൾ |
| 33 | 1-33 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| ഭാഗം-2<br>ഇല്ല | | |
| ഭാഗം-3 | | |
| 34 | 3-1 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല |
| 35 | 3-2 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - ഫർണ്ണിച്ചറിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |
| ഭാഗം-4 | | |
| 36 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 37 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 40 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 41 | 4-6 | സ്ഥിര നിക്ഷേപം |
| 42 | 4-7 | ഓഡിറ്റ് റിക്കവറി |
| 43 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 44 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 45 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 47 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.3.2018 തീയതിയിലെ 82/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.2.2019ലെ 33/19(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജററ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പുതുക്കിയ ബജററ് പ്രകാരം മുൻബാക്കിയുൾപ്പെടെ വരവ് 18,87,46,533/- രൂപയും ചെലവ് 18,27,02,652/-രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 9,85,89,547/-രൂപയും ചെലവ് 8,53,53,101/-രൂപയും മാത്രമാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21211922 | 21211922 | 19585274 | 1626648 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9531000 | 9531000 | 7255155 | 2275845 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10051000 | 10051000 | 7056738 | 2994262 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4844000 | 4844000 | 4844000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9848000 | 9848000 | 9526832 | 321168 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 13960310 | 13960310 | 13960310 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 30936 | 849161 | 880097 | 811982 | 68115 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>എം.പി.ഫണ്ട് | | 23870 | 1709 | 25579 | 0 | 25579 |
| ഐ.സി.ഡി.എസ് | | 614222 | 742300 | 1356522 | 806434 | 550008 |
| സമ്പൂർണ്ണ ശുചിത്വം | | 1842175 | 0 | 1842175 | 140000 | 1702175 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)<br>വിമുക്തി | | 40156 | 25000 | 65156 | 43225 | 21931 |
| സാക്ഷരത | | 7880.80 | 411 | 8291.80 | 0 | 8291.80 |
| ശുചിത്വമിഷൻ | | 0 | 1880758 | 1880758 | 210000 | 1670758 |
| ദുരിതാശ്വാസ നിധി | | 36744 | 9168 | 45912 | 0 | 45912 |
| ലൈഫ് ഭവനം | | 0 | 618429 | 618429 | 0 | 618429 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2200000 | 2288900 | 4488900 | 4312069 | 176831 |
| | ജില്ലാപഞ്ചായത്ത് | 1001050 | 2024113 | 3025163 | 2569072 | 456091 |
| ബി ഫണ്ട് | | 0 | 67144500 | 67144500 | 67144500 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -1264536 | 14803137<br>8841415 (refund amount) | 22380016 | 17649159 | 4730857 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 667143.77 | 11029954 | 11697097.77 | 8687632 | 3009465.77 |
| | ട്രഷറി അക്കൗണ്ട് | 0 | 48930 | 48930 | 48930 | 0 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 104297408 | 151 | 65068035 | 40 | 49 | 63 |

ഡി.പി.സി. അംഗീകാരം ലഭിച്ച 240പ്രൊജക്ടുകളിൽ 151 എണ്ണം മാത്രമാണ് ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 89 പ്രൊജക്ടുകളിൽ 49 എണ്ണം തീർത്തും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ഡി.പി.സി.അംഗീകാരം ലഭിച്ച 144 മരാമത്തു പ്രൊജക്ടുകളിൽ 100 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സാങ്കേതികാനുമതിക്കായി പ്രൊജക്ടുകൾ സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ മരാമത്തു പ്രവൃത്തികളിൽ 44 പ്രൊജക്ടുകൾ 2018-19 വർഷം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്കായി 4,35,22,417/- രൂപ വകയിരുത്തിയതിൽ 2,81,87,099/- രൂപ മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കപ്പെട്ടിരിക്കുന്നത്. വകയിരുത്തിയ തുകയിൽ 65% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ വകയിരുത്തിയ 1,53,35,318/- രൂപ സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും സാങ്കേതികാനുമതി ലഭിക്കുന്നതിലും പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം, കരാർ വെച്ച പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ കാണിച്ച വിമുഖത എന്നിവ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്ടുകൾ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രൊജക്ടുകൾക്ക് പരിഗണന നൽകിയതായി കാണുന്നില്ല. വിത്തുകൾ,തൈകൾ,വളങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സാധാരണ പദ്ധതികളാണ് ഇപ്പോഴും കാർഷികമേഖലയിൽ നടപ്പാക്കിവരുന്നത്.കാർഷിക കർമ്മ സേന മുഖേന സ്വകാര്യ സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ജൈവവളം വാങ്ങി കൂടിയ വിലയ്ക്ക് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. കാർഷിക പ്രൊജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിട്ടില്ല.

ആരോഗ്യ മേഖലയിൽ മരുന്നു ലഭ്യമാക്കുന്നതിന് മുൻകൂർ തുക നൽകിയെങ്കിലും ആയത് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ആരോഗ്യമേഖലയിലെ പ്രൊജക്ടുകൾ ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് മാന്വൽ അടിസ്ഥാനമാക്കി സാധനങ്ങൾ സമാഹരിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. മാലിന്യനിർമ്മാർജ്ജനത്തിനായി വിവിധ വാർഡുകളിൽ ഹരിതകർമ്മ സേന മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്.

ലൈഫ് മിഷൻ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ നടന്നു കാണുന്നില്ല.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9709/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തിയതിൽ നിന്നും ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും വേണ്ടത്ര കാര്യക്ഷമമല്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്റ്റ് രജിസ്ററർ എന്നിവയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. 4/2018 മുതൽ 10/2018 വരെ ബിൽരജിസ്റ്ററിൽ വൗച്ചർ നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. 4/2018 മുതൽ 11/2018 വരെയുള്ള കാലയളവിൽ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെക്ക് പണമാക്കി മാറ്റിയ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഡിപ്പോസിററ് രജിസ്ററർ, ആസ്തി രജിസ്ററർ, തെരുവുവിളക്ക് രജിസ്റ്റർ, എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

പല യാത്രാബത്ത ബില്ലുകളോടൊപ്പവും യാത്രാഡയറികൾ/ടി.എ. ക്ലെയിമുകൾ സമർപ്പിച്ചിട്ടില്ല. കെ.എസ്.ആർ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താതെ തന്നെ യാത്രാബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും ധനപരമായ ഇടപാടുകളിലെ ഇത്തരം ന്യൂനതകളിലേക്ക് ശ്രദ്ധചെലുത്തി കാണുന്നില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 (3) പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ഇതൊന്നും കൂടാതെയാണ് മുൻ വർഷത്തെ യഥാർത്ഥ വരവായ 85003993/-രൂപയിൽനിന്നും തൻവർഷ ആകെ മതിപ്പു വരവായി 221680077/-രൂപ ബജറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 98589547/-രൂപമാത്രമാണ്. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റിൽ വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവുമായിരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തു പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ഡി&ഒ ലൈസൻസുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ

ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലുകൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ( cprcs) മുഖേനയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഓഡിറ്റു വർഷം നടത്തിയ വാങ്ങലുകൾ മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ട് പല പ്രവൃത്തികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. പലപ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തിരജിസ്റ്റർ യഥാസമയം കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-6 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. തൊഴിൽരഹിത വേതനം വിതരണ രജിസ്റ്റർ പ്രകാരം 2018-19 വർഷം ഈ ഇനത്തിൽ വിതരണം ചെയ്തത് 2,54,880/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-7) ഇത് 2,66,400/- രൂപയാണ്. വ്യത്യാസം 11520/- രൂപയാണ്. ഇത് 02.08.2018 ലെ KL0047334752 നം. ചലാൻ പ്രകാരം തിരിച്ചടച്ച തുകയാണ്. ഈ തുകയും ചേർത്താണ് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത്.

2. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങൾ വ്യക്തമല്ല.

4. വാർഷികകണക്കിനൊടൊപ്പം ഹാജരാക്കിയ പത്രിക പ്രകാരം KSEB – യ്ക്ക് 517023/- (195514 + 321509/- രൂപ), ഇറിഗേഷൻ വകുപ്പിന് 5,00,000/- രൂപ എന്നിങ്ങനെ ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടുണ്ട്. ഇതിൽ KSEB-യ്ക്ക് നൽകിയ 321509/-രൂപ ഒഴികയുള്ളവ Advance to Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ടെണ്ടർ ഫോം വിൽപന രേഖപ്പെടുത്തുന്ന രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടർ ഫോറം വില വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുക എത്രയാണെന്ന കണക്കുകൾ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂക്ഷിച്ചിട്ടില്ല.

6. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ VAT, GST (CGST, SGST) എന്നിവ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധ വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-19 കാലയളവിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1. | കക്കോടി ഫ്യൂവൽസ് | അടവാക്കിയിട്ടില്ല. | അടവാക്കിയിട്ടില്ല. |
| 2 | എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ്. | ടി. | ടി. |
| 3 | വേദ ആയുർവേദിക് | ടി. | ടി. |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 മത്സ്യമാർക്കറ്റ്-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുമ്പ് ലേലം ചെയ്തു.

കക്കോടി ഗ്രാമപഞ്ചായത്തിലെ 17/587 -ാംനമ്പർ മത്സ്യമാർക്കറ്റ് കച്ചവടത്തിനായി 2018-19 കാലത്തേക്ക് ലേലത്തിന് വയ്ക്കുകയുണ്ടായി. രണ്ട്തവണ (30.5.2018,19.6.2018) ലേലം നടത്തുന്നതിനായി പത്ര പരസ്യം നൽകിയെങ്കിലും ആരും പങ്കെടുത്തില്ല. മേൽ പരസ്യങ്ങൾക്കായി 14851/-രൂപ (7997+6854) ചെലവായിട്ടുള്ളതാണ്. തുടർന്നുള്ള പുനർ ലേലത്തിൽ 31.08.2018-ന് ഒരു ലക്ഷം രൂപക്ക് ശ്രീ.കെ.പി. മുഹമ്മദ് എന്നവർ ലേലം കൊണ്ടു. തുടർന്ന് 13.9.18 -ലെ 215/18 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകുകയും ശ്രീ.മുഹമ്മദുമായി 1.10.2018 മുതൽ ഒരു വർഷത്തേക്ക് (30.9.2019വരെ) കരാറിലേർപ്പെടുകയും ചെയ്തു.

കരാറിലേർപ്പെടുന്നതിന് മുമ്പു തന്നെ (29.9.2018-ൽ)ശ്രീ.മുഹമ്മദ് മത്സ്യമാർക്കറ്റിൽ വേണ്ട അടിയന്തിര സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, മാലിന്യ സംസ്കരണം, പഞ്ചായത്ത് മാർക്കറ്റ് എന്ന ബോർഡ് വെയ്ക്കൽ തുടങ്ങി നിരവധി പ്രായോഗിക ആവശ്യങ്ങൾ ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. തുടർന്ന് പ്ലംബിങ്ങ് പ്രവർത്തിക്കായി 18.12.18ന് 8577/-രൂപയും (വൗച്ചർ നമ്പർ 21800799), വൈദ്യുതീകരണ പ്രവർത്തികൾക്കായി 16.1.19 ന് 9740/- രൂപയും (വൗച്ചർ നമ്പർ 21800881) പഞ്ചായത്ത് ചെലവഴിച്ചതായി കാണുന്നു.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മത്സ്യ മാർക്കറ്റ് ലേലം ചെയ്തത് ചുവടെ ചേർത്ത അപാകതകൾക്ക് കാരണമായി.

1. രണ്ട് തവണകളായി 15000/- ത്തോളം രൂപ പത്ര പരസ്യത്തിനായി ചെലവഴിച്ചിട്ടും ലേലം കൊള്ളാനായി ആരും പങ്കെടുക്കാതിരുന്നത് മാർക്കറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലമാകാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
2. 2018 മെയ് മാസത്തിൽ ലേലത്തിനുള്ള പരസ്യം നൽകുന്നതിന് മുമ്പായി വൈദ്യുതി ,വെള്ളം ഉൾപ്പെടെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിരുന്നുവെങ്കിൽ മെയ് മാസത്തിൽ തന്നെ പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.
3. 2019 സെപ്തംബറിൽ മുഹമ്മദിന്റെ ലേല കാലാവധി അവസാനിക്കുകയും തുടർന്ന് ആറ് മാസത്തേക്ക് (മാർച്ച് 2020 വരെ) മറ്റൊരാൾക്ക് ലേലത്തിന് നൽകുകയുണ്ടായി. അപ്രകാരം 2019-20 വർഷത്തിൽ രണ്ട് തവണ ലേലം നടത്തേണ്ടി വന്നു.

മത്സ്യമാർക്കറ്റിനകത്ത് തന്നെ ഒരു ഭാഗത്ത് കോഴി ഇറച്ചി വിൽപന നടത്തി വരുന്നതായി കാണുന്നു. ആയത് പഞ്ചായത്തിന്റെ അനുമതിയോടെയാണോ പ്രവർത്തിക്കുന്നതെന്നും ഇറച്ചി കച്ചവടം നടത്തുന്ന മുറി പ്രത്യേകമായി ലേലം വിളിച്ച് നൽകിയതാണോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വരും വർഷങ്ങളിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ലേലം ചെയ്യുന്ന അവസരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് ശേഷം മാത്രം ലേലം നടത്തിയാൽ പഞ്ചായത്തിന് തനത് വരുമാനത്തിലുള്ള നഷ്ടം ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 തുടർച്ചയായി തുക വകയിരുത്തി ഫണ്ട് ലാപ്സാകുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 2018-19 പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ട് നമ്പർ 186/2018 (സ്പിൽ ഓവർ) ഒ.ഡി.എഫ്-കക്കൂസ് നിർമ്മാണ(എസ്.സി)ത്തിനായി എസ്.സി.പി. ഫണ്ടിനത്തിൽ 280000/- രൂപ വകയിരുത്തിയിരുന്നെങ്കിലും യാതൊരു ചെലവും നടന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ പ്രോജക്ട് നമ്പർ 129/17 ഒ.ഡി.എഫ് -കക്കൂസ് നിർമ്മാണം (എസ്.സി ) പദ്ധതിയുടെ സ്പിൽ ഓവർ തുകയാണിതെന്നും കഴിഞ്ഞ രണ്ടു വർഷമായി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടും ഈ തുക ചെലവഴിക്കാൻ കഴിയാത്തത് പ്രോജക്ട് നടപ്പിലാക്കിയ വി.ഇ.ഒ.യുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൊണ്ടാണെന്നും രേഖകൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ ഫണ്ട് വിവരങ്ങൾ കൃത്യമല്ലെന്നും ഇരട്ടിപ്പുകൾ ബോധ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹത്തിനെതിരെ അന്വേഷണങ്ങൾ നടക്കുകയാണെന്നും ആയതിനാലാണ് പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്തതെന്നും നിലവിലെ വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. പ്രശ്ന പരിഹാരത്തിന് നടപടികൾ സ്വീകരിക്കാതെ തുടർച്ചയായി തുക വകയിരുത്തി ഫണ്ട് ലാപ്സാക്കിയത് വീഴ്ചയാണ്. ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായത്തിന്റെ കൃത്യത ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ക്ഷേമകാര്യ സ്ഥിരം സമിതിയുടേയും ഭരണ സമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണം - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സംയുക്തമായി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗിക്കാതെ ബാക്കി നിൽക്കുന്ന തുക അതാതു തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകാതെ ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | നീക്കിയിരിപ്പ് | | |
|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | ആകെ |
| പടിഞ്ഞാറ്റുമുറി അങ്കണവാടി നിർമ്മാണം | 29630 | 0 | 29630 |
| ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.) | 0 | 456091 | 456091 |
| ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി | 146014 | 0 | 146014 |

| | | | |
|---|---|---|---|
| കുഴിക്കാട്ടുമീത്തൽ കുടിവെള്ള പദ്ധതി | 1187 | 0 | 1187 |
| ആകെ | | | 6,32,922 |

ജി.ഒ.(പി)നം.7/2017/ധനം/23.01.17, ജി.ഓ.(പി)നം119/2015/ ധനം/21.03.15 എന്നിവയനുസരിച്ച് സംയുക്ത പ്രോജക്റ്റുകളുടെ വിഹിതം ഫെബ്രുവരി അവസാനവാരത്തിനുള്ളിൽ വിനിയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ ചെലവ് ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും മാറാത്ത ചെക്കുകൾക്ക് തുല്യമായ തുക നിലനിർത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

എന്നാൽ മേൽപറഞ്ഞ പ്രൊജക്റ്റുകൾക്കായി ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയ വിഹിതത്തിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം നാളിതുവരെ തിരിച്ചടച്ചതായി കാണുന്നില്ല. സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 6,32,922/- രൂപ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വരൾച്ച കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം. : 62/19

അടങ്കൽ തുക : 300000/- (തനത്ഫണ്ട്)

ചെലവു തുക : 98000/- രൂപ (ചെക്ക് നം.1685001/25.3.2019, 1685016/27.3.2019)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (500രൂപ/1000ലി) ശ്രീ.വിനോദ്കുമാറിന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (8.05.2018ലെ 97/18 നം. തീരുമാനം).അതുപ്രകാരം 01.05.2018 മുതൽ 30.05.2018 വരെയുള്ള കാലയളവിൽ 9 വാർഡുകളിലായി കരാറുകാരൻ 188000 ലിറ്റർ (47 ലോഡ്) കുടിവെള്ളം വിതരണം ചെയ്തതിന് 98000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ഭരണസമിതി അംഗീകരിച്ച ടെണ്ടർ പ്രകാരം വെള്ളത്തിന് ലിറ്ററിന് 0.50 രൂപയാണ് കരാറുകാരന് അനുവദിക്കേണ്ടത്. അതുപ്രകാരം 188000 ലിറ്ററിന് 94000/-രൂപയാണ് (188000X0.50) നൽകേണ്ടത്. എന്നാൽ 98000/- രൂപ നൽകുക വഴി 4000/- രൂപ അധികമായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്.
2. ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിന്റെ നിരക്ക് നിർണ്ണയിക്കേണ്ടത് കിലോമീറ്റർ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.
3. ജി.ഒ.(സാധാ.)നം.754/2018/ത.സ്വ.ഭ.വ./21.3.2018 പ്രകാരം ജി.പി.എസ്.ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടതാണ്. ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവു തുക അനുവദിക്കേണ്ടതുള്ളൂ. എന്നാൽ കരാറുകാരൻ കുടിവെള്ള വിതരണം നടത്തിയ KL11U3443 നമ്പർ വാഹനത്തിൽ ജി.പി.എസ്.സംവിധാനം ഏർപ്പെടുത്തിയതു സംബന്ധിച്ച രേഖകൾ, ജി.പി.എസ്.മാപ്പ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളത്.
4. വിതരണം ചെയ്ത ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് കോഴിക്കോട്ടുള്ള പ്യൂവർ സൊല്യൂഷൻസ് എന്ന അനലറ്റിക്കൽ ലാബിൽ പരിശോധന നടത്തിയിരുന്നു. PAL26/04/05/26.4.2018നമ്പറായി ലാബ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ ജലത്തിന്റെ PH മൂല്യം IS 10500 : 2012 സ്പെസിഫിക്കേഷൻ പ്രകാരം അംഗീകരിക്കാവുന്നതിലും കുറവാണെന്നും, ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപാകത പരിഹരിച്ച് വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു കാണുന്നില്ല.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി,മോണിറ്ററിംഗ് കമ്മിററിയായി പ്രവർത്തിക്കേണ്ട ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ പരിപാലന ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തിക്കാണുന്നില്ല. വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണമേൻമയുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18-19/23.07.2020) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, കുടിവെള്ള വിതരണ വാഹനങ്ങൾക്ക് GPS ഘടിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും, ആയത് ആരും എടുക്കാതെ കാലതാമസം വന്നതിനാൽ കരാറുകാരോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ സ്വന്തം നിലയിൽ ജി.പി.എസ് ഘടിപ്പിച്ച് കുടിവെള്ള വിതരണം നടത്തുകയാണുണ്ടായതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കുടിവെള്ള വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കാൻ M/S ഐെഡിയ & ഇന്നൊവേഷൻ സ്ക്വയേർഡ് ടെക്നോളജീസ് (Pvt.) ലിമിറ്റഡ് എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ചതായും, ഗ്രാമപഞ്ചായത്തുകൾക്ക് മേൽ സ്ഥാപനവുമായി കരാർ വെച്ച് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി തുക നൽകാവുന്നതാണെന്നും കോഴിക്കോട്പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 7.05.2018ലെ ബി-3 /1352/18 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 94000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

അധികമായി കരാറുകാരന് അനുവദിച്ച 4000/-രൂപ രശീതി നം.11200050101384/28.07.2020 പ്രകാരം തിരികെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും രശീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മറുപടിയ്ക്കൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി

പ്രൊജക്ട് നം. : 12/19

അടങ്കൽ തുക : 236000/- രൂപ

ചെലവു തുക : 69900/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഓഡിറ്റ് വർഷം മേൽ പ്രൊജക്ട പ്രകാരം താഴെ കാണിച്ച പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേര് | വാങ്ങിയ ഇനം | ടെണ്ടർ ക്വാട്ടുചെയ്ത സ്ഥാപനം | വില | ഇൻവോയ്സ് നം./തീയതി |
|---|---|---|---|---|
| ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ -1 | Anon System & Services | 46950 | ASS/18-19 /034/11.09.2018 |
| | ലേസർ പ്രിന്റർ-1 | Anon System & Services | 12500 | |
| | പ്രിന്റർ (Ink jet)-1 | Anon System & Services | 10450 | |

സ.ഉ.(സാധാ.)97/2018/പൊ.വി.വ/തീയതി 6.1.2018 പ്രകാരം സർക്കാർ സ്ഥാപനങ്ങളും എം.എൽ.എ., എം.പി., തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലുകൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ( cprcs) മുഖേനയായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ 2018-19ൽ മേൽപ്രകാരം നടത്തിയ വാങ്ങലുകൾ മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ്.

ലഭിച്ച നാലു ടെണ്ടറുകളിൽ പ്രിന്റർ (ink jet ) ന് ഏറ്റവും കുറവു നിരക്ക് രേഖപ്പെടുത്തിയത് (7450/-) ബിസേർ പവർ സൊലൂഷൻ എന്ന സ്ഥാപനമാണ്. എന്നാൽ കൂടിയ നിരക്ക് 10450/-രൂപ ക്വാട്ട് ചെയ്ത ആനൺ സിസ്റ്റംസ് & സർവീസ്സസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പ്രിന്റർ വാങ്ങിയിട്ടുള്ളത്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.3/18-19/23.07.2020 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 69900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 തെരുവു വിളക്കു സ്ഥാപിക്കൽ/വാർഷിക മെയിന്റനൻസ് :പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം സ്പിൽഓവറായി നടപ്പാക്കിയ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ്, തെരുവു വിളക്ക് സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

**1 തെരുവു വിളക്ക് സ്ഥാപിക്കൽ**

പ്രൊജക്റ്റ് നം. : 195/19 (സ്പിൽ ഓവർ)

അടങ്കൽ തുക : 200000/-രൂപ

ചെലവ് തുക : 190932/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ 4 വീതം LED വിളക്കുകൾ സ്ഥാപിക്കുന്നതിനായി 84 LED വിളക്കുകൾ ടെണ്ടർ കൂടാതെ ക്രൂസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി എ-2/7229/17/12.12.2017 പ്രകാരം ഗ്രാമപഞ്ചായത്ത് സപ്ലൈ ഓർഡർ നൽകുകയുണ്ടായി. അതനുസരിച്ച് ഇൻവോയ്സ് നം.KREWS/GST/71/2017-18/02.02.2018പ്രകാരം 84 LED വിളക്കുകൾ ( 12വാട്ട്) സപ്ലൈ ചെയ്തതിന് വിളക്കൊന്നിന് ജി.എസ്.ടി.ഉൾപ്പെടെ 2,123/-രൂപ നിരക്കിൽ 1,78,332/രൂപ ബിൽ നം.600575447/27.09.2018 പ്രകാരം ക്രൂസിന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(സാധാ.)നം.1093/2017/ത.സ്വ.ഭ.വ./തീ.5.04.2017 ഉത്തരവു പ്രകാരം, ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉൽപാദിപ്പിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽപറഞ്ഞ എൽ.ഇ.ഡി.വിളക്കുകൾ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL)സ്വന്തമായി ഉൽപാദിപ്പിച്ചതാണെന്നതിനുള്ള സാക്ഷ്യപത്രം ക്രൂസിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.
2. ഗ്രാമ പഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളിലെ വൈദ്യുതി പോസ്റ്റുകളിലെ കേടായ വിളക്കുകൾ അടിയന്തിരമായി മാറ്റി പകരം ക്രൂസിൽ നിന്നും വാങ്ങിയ 84 വിളക്കുകൾ ഫിറ്റ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി (13.09.2018ലെ 193(5)/18 നം.തീരുമാനം). അടിയന്തിരമായി പ്രവൃത്തി നിർവ്വഹിക്കേണ്ടതിനാൽ ഇലക്ട്രിക്കൽ ലൈസൻസുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രതീഷ്.എം.കെ.എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. 84 വിളക്കുകൾ സ്ഥാപിച്ചതിന് വിളക്കൊന്നിന് 150/-രൂപ നിരക്കിൽ 12,600/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.. മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്ര പ്രകാരം വിവിധ വാർഡുകളിലായി 78 വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. 6 വിളക്കുകളെ സംബന്ധിച്ച വിവരം ലഭ്യമല്ല.
3. തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ ജി-2-44274/2015/തീയതി 17.08.2015 നമ്പറിലുള്ള ഉത്തരവു പ്രകാരം, ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല.
4. തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 15.09.2011ലെ 3055/ഡി.എ-3/2011/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ നം.269/ഡി.എ-3/2018/ത.സ്വ.ഭ.വ./തീയതി 29.05.2018). ഇതനുസരിച്ച് കരാറുകാരൻ കെഎസ്.ഇ.ബിയിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.

എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5. ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തു പരിധിയിലെ വിളക്കുകളുടെ എണ്ണം, തരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2014-15 വാർഷിക പദ്ധതി കാലത്ത് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.ലഭ്യമാക്കിയ ലിസ്റ്റ് രജിസ്റ്ററിൽ ഒട്ടിച്ചുവെച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. തുടർ വർഷങ്ങളിൽ സ്ഥാപിച്ച വിളക്കുകളുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ വിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,90,932/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2. തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ്**

പ്രൊജക്ട് നം. : 192/19

അടങ്കൽ തുക : 2,20,000/- രൂപ

ചെലവു തുക : 2,20,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ രണ്ടു ടെണ്ടറുകൾ മാത്രം ലഭിച്ചതിനാൽ പിന്നീട് റീടെണ്ടർ ചെയ്യുകയുണ്ടായി. 13.12.2017 ലെ റീടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള ശ്രീ.ശിവദാസൻ.വി. എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (18.12.2017ലെ 171/17 നം.തീരുമാനം). ട്യൂബ് ഒന്നിന് 880/-രൂപയും, സിഎഫ്.എല്ലിന് 850/-രൂപയും, ബൾബിന് 475/-രൂപയുമാണ് റിപ്പയർ ചാർജ്ജായി ടിയാൻ ക്വാട്ടുചെയ്തിട്ടുള്ളത്. 29.12.2017ന് കരാർവെച്ച് പ്രവൃത്തി ആരംഭിച്ചു കാണുന്നു. മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം 342 ട്യൂബുകൾ, 62 സി.എഫ്.എൽ, 41 ബൾബുകൾ എന്നിവ 31.3.2018 വരെ റിപ്പയർ ചെയ്തിട്ടുണ്ട്. ഇതിനായി പ്രൊജക്ടിൽ വകയിരുത്തിയ 2,20,000/-രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു,

1. തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ ന.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011) പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐനിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി കരാറുകാരന്റെ നിരക്കുമായി താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയുമാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.
2. എഗ്രിമെന്റിലെ വ്യവസ്ഥ 3 പ്രകാരം കെ.എസ്.ഇ.ബി.ജീവനക്കാരുടെ മേൽനോട്ടത്തിൽ ജോലി നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.
3. ടെണ്ടർ മാർഗ്ഗരേഖ പ്രകാരം കരാർ ലഭിക്കുന്ന ആൾ ആകെ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.
4. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സ്ഥാപനത്തിന്റെയും ബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.8/18-19/27.07.2020)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 2,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ : ഫർണ്ണിച്ചറിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്ട് നം. 196/19

അടങ്കൽ തുക : 2,50,000/-

ചെലവു തുക : 2,10,319/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി, ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരിച്ച് ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് നേടുന്നതിനായി ഓഫീസിലേക്ക് ഫർണിച്ചർ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2017-18ൽ സർക്കാർ അംഗീകൃത ഏജൻസിയായ കാഡ്കോയെ ചുമതലപ്പെടുത്തിയിരുന്നു. ഇൻവോയ്സ് നം.KADCO/NRO/SALES/17-18/400/27.3.2018 പ്രകാരം 1,17,493/-രൂപ വിലയുള്ള താഴെ പറയുന്ന സാധനങ്ങൾ കാഡ്കോ ലഭ്യമാക്കിയതായി കാണുന്നു.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|
| 1 | ഷോകേസ് (140X43X20cm) using 18mm treated Rubwood panel | 8474 | 1 | 8474 |
| 2 | കർട്ടൻ വർക്ക് (58" width X 52"Height using cotton cloth) | 2118 | 5 | 10590 |
| 3 | അലൂമിനിയം ഫാബ്രിക്കേറ്റഡ് ഡോർ | 4237 | 2 | 8474 |
| 4 | സ്റ്റീൽ റാക്ക് (6'X3'X1.25' 5 panel ) | 63559 | 1 | 63559 |
| 5 | കാർട്ടൺ ബോക്സ് (150 Nos.) | 3389 | 1 set | 3389 |
| 6 | ഡിസ്പ്ലേ ബോർഡ് (8'X3') അലൂമിനിയം ഫാബ്രിക്കേറ്റഡ് | 5084 | 1 | 5084 |
| | | | | 99570 |
| | ജി.എസ്.ടി 18% | | | 17923 |
| | ആകെ | | | 1,17,493 |

ക്രമ നം.1 ആയി കാണിച്ചിട്ടുള്ള ഷോകേസ് കാഡ്കോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ വില 8,474/- രൂപ കുറവു വരുത്തി 1,09,019/- രൂപ ബിൽ നം.600476335/31.8.2018 പ്രകാരം ഗ്രാമപഞ്ചായത്ത് കാഡ്കോക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം തുക നൽകിയപ്പോൾ 8,474/- രൂപയിന്മേലുള്ള ജി.എസ്.ടി.(18%) തുകയായ 1,525/- രൂപ കൂടി കുറവു ചെയ്യേണ്ടതായിരുന്നു. ആയത് കുറവുചെയ്യാതെയാണ് തുക അനുവദിച്ചത്. അധികം അനുവദിച്ച 1,525/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി -ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിക്കു വേണ്ടി കക്കോടി സർവ്വീസ് സഹകരണ ബാങ്ക്, കക്കോടി ബ്രാഞ്ചിൽ ആരംഭിച്ച SB 735നമ്പർ അക്കൌണ്ടിൽ 2018 ഏപ്രിൽ ഒന്നിന് മുന്നിരിപ്പായി 36,744/- രൂപയും 31.03.2019-ന് 45,912/- രൂപയും ബാങ്ക് പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പുണ്ട്. ബാങ്കിൽ 2018-19 ൽ 7,100/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 30.10.2004 ലെ ജി.ഒ.(ആർ.ടി) 3803/04/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിൽ ഒരു ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.
2. നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നൽകിയവരുടെയും പേരു വിവരങ്ങളും തുകയും മറ്റ് കണക്കുകളും സൂക്ഷിച്ചതിന്റേയും ഗ്രാമസഭകളിൽ അറിയിച്ചതിന്റേയും രേഖകളില്ല.
4. നിധിയെ സംബന്ധിച്ച എല്ലാ വരവു ചെലവു കണക്കുകളും സെക്രട്ടറി എല്ലാ മാസവും കൌൺസിൽ മുമ്പാകെ സമർപ്പിച്ചതിന്റെ വിശദാംശങ്ങളില്ല.
5. നിധിയിൽ നാളിതുവരെ ലഭിച്ച വരവിന്റെയും ഓഡിറ്റ് കാലയളവിൽ ലഭിച്ച വരവുകളുടേയും വിശദാംശങ്ങളില്ല.
6. കൂടാതെ 2018-ലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട സ.ഉ. (സാധാ.)നം 2310/2018 /ത.സ്വ.ഭ.വ./തീ.23.08.2018സർക്കാർ ഉത്തരവിൽ, ഉത്തരവിലെ കാലയളവിൽ ലഭിക്കുന്ന സംഭാവനകൾ മറ്റ് ദുരിതാശ്വാസ നിധികളിലേക്ക് നിക്ഷേപിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി പഞ്ചായത്തിന്റെ മേൽപ്പറഞ്ഞ അക്കൗണ്ടിലാണ് പണം നിക്ഷേപിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ : 21/19

പദ്ധതിയുടെ പേര് : ഹോമിയോ മരുന്ന് വാങ്ങൽ.

ബിൽ നമ്പർ : 3/18-19 തീയ്യതി 21.8.18

തുക : 1,50,000/-

സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 2018-19-ലേക്ക് 1,50,000/- രൂപയുടെ മരുന്ന് ഹോംകോ എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. രണ്ട് ഇൻവോയിസ് പ്രകാരമാണ് പ്രസ്തുത തുകക്കുള്ള മരുന്ന് ലഭിച്ചത്. ആയതിൽ ആദ്യത്തെ ഇൻവോയിസ് (നമ്പർ (എൽ.എഫ്.1496 dt.14.2.19) പ്രകാരം 63,955/- രൂപയുടെ മരുന്നുകളും രണ്ടാമത്തെ ഇൻവോയ്സ് (നമ്പർ എൽ.എഫ്. 478/21.06.2019) പ്രകാരം 86,045/- രൂപയുടെ മരുന്നുകളുമാണ് ലഭിച്ചത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഇൻവോയിസിലെ താഴെ പറയുന്ന മരുന്നുകൾ ലഭിച്ചിട്ടില്ല.

ARNICA Hair oil 100 Ml 56x75/-+GST = 4,410

EUPHRASIA EYE drops 10ML 12x25/-+GST = 315

4,725

2018-19 വർഷത്തെ പദ്ധതിയിൽ ലഭ്യമാകേണ്ട മേൽ പറഞ്ഞ 4,725/- രൂപയുടെ മരുന്ന് 2020-21 ആയിട്ടും ലഭിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്. മേൽപറഞ്ഞ ഇൻവോയ്സ് പ്രകാരം ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 4,725/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 ജീവനക്കാരുടെ യാത്രാ ബത്ത -ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പഞ്ചായത്തിലെ ജീവനക്കാർ ഓഡിറ്റ് വർഷം വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്തതിന് താഴെ കാണിച്ച വൗച്ചറുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തിയ്യതി | യാത്ര ചെയ്തയാളുടെ പേര്, തസ്തിക | യാത്ര ചെയ്ത സ്ഥലം | ആവശ്യം | തുക | റിമാർക്സ്. |
|---|---|---|---|---|---|---|
| 1 | 7.11.18<br>10am-3pm | ശ്രീമതി.<br>ഭുവനേശ്വരി, അസി.സെക്രട്ടറി | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ് മാർഗ്ഗം |

| | | | | | | |
|---|---|---|---|---|---|---|
| 2 | 15.11.18<br>10am-12pm | ശ്രീ.ബൽരാജ്, യു.ഡി.ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ് മാർഗ്ഗം |
| 3 | 29.11.18<br>10am-12pm | ശ്രീ.ലിനീഷ്. എൽ. ഡി. ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ് മാർഗ്ഗം |
| 4 | 26.11.18<br>10am-12pm | ശ്രീമതി.നിർമ്മല അഗസ്റ്റിൻ (ജെ.എസ്) | കക്കോടി - അത്തോളി | ലോക്കൽ ഫണ്ട് ഓഡിറ്റ്. | 320/- | ബസ്സ് മാർഗ്ഗം |
| | യാത്രാ ബിൽ | 10/2018 | | | | |
| 5 | 3.10.18<br>10am-3pm | ശ്രീ.ബൽരാജ്, യു.ഡി.ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| 6 | 12.10.18<br>10am-2pm | ശ്രീ.ബൽരാജ്, യു.ഡി.ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| 7 | 3.10.18<br>10am-3pm | ശ്രീ.ലിനീഷ്. എൽ. ഡി. ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| 8 | 12.10.18<br>10am-2pm | ശ്രീ.ലിനീഷ്. എൽ. ഡി. ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| 9 | 6.10.18<br>3pm-5pm | ശ്രീമതിരേണുകഎൽ. ഡി. ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| 10 | 12.10.18<br>10am-2pm | ശ്രീമതി. രേണുക എൽ. ഡി. ക്ലാർക്ക് | കക്കോടി - കൊയിലാണ്ടി. | കോടതി ആവശ്യം | 125/- | ജീപ്പ്മാർഗ്ഗം |
| | **യാത്രാ ബിൽ** | **11/2017** | | | | |
| 11 | 6.11.17-8.11.17<br>6am-7.20pm | ശ്രീ. ബാബുപ്രസാദ്.ബി. സെക്രട്ടറി. | കക്കോടി - തിരുവനന്തപുരം | പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക്. | 300/- | 1/4 DA |
| 12 | 9.11..17<br>8am-10am | ശ്രീ. ബാബുപ്രസാദ്.ബി. സെക്രട്ടറി. | കക്കോടി -കുന്നമംഗലം | IIMട്രെയിനിങ്ങ്. | 400/- | ദൂരം-12.5km |
| 13 | 9.11..17-11.11.17<br>10am-4pm | -ടി- | കുന്നമംഗലം താമസം | -ടി- | | 1/4 of 2 DA |
| 14 | 11.11.17 4pm-6pm | -ടി- | കുന്നമംഗലം- കക്കോടി | -ടി- | 400/- | ദൂരം-12.5km |
| 15 | 17.2.18 6am-9am | -ടി- | കക്കോടി-തൃശ്ശൂർ | Kila -ട്രെയിനിങ്ങ്. | 760/-(60 /-I.C) | ട്രെയിൻ വഴി. |
| 16 | 17.2.18 6 pm-<br>9 pm | -ടി- | തൃശ്ശൂർ-കക്കോടി. | | 760/-(60 /-I.C) | ട്രെയിൻ വഴി. |
| 17 | 22.12.18<br>10.am-5pm | ശ്രീ.ഷമീദ്, യു.ഡി.ക്ലാർക്ക് | കക്കോടി -കുന്നമംഗലം | ഓഡിറ്റ് സംബന്ധിച്ച് | 320/- | ബസ്സ് മാർഗ്ഗം |

വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുകയുണ്ടായി.

1. കോടതിയിൽ പോയത് ഏതുകേസിന്റെ ആവശ്യത്തിനാണെന്ന് വ്യക്തമല്ല. (ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല) ഉദാ:ക്രമ നം.1,2,3.

2. ക്രമനമ്പർ .11 പ്രകാരം നവംബർ 6,7,8 തീയതികളിൽ തിരുവനന്തപുരത്താണെങ്കിലും 7.11.17, 8.11.17 എന്നീ തിയ്യതികളിൽ പഞ്ചായത്തിലെ ഹാജർ പുസ്തകത്തിൽ ഒപ്പ് വച്ചിട്ടുണ്ട്.

3. ക്രമ നമ്പർ 12,14 – ൽ 12.5 കി.മി യാത്ര ചെയ്തതിന് ഒരു ഡി .എ. (400/-) ക്ലെയിം ചെയ്തിട്ടുണ്ട്. അതേ ദിവസം താമസത്തിനുള്ള ഡി.എ.യും വാങ്ങിച്ചിട്ടുണ്ട്. 32 കി.മി. ന് അകത്തുള്ള യാത്രകളിൽ യാത്രക്ക് ഒരു ദിനബത്ത ക്ലെയിം ചെയ്യുമ്പോൾ 24 മണിക്കൂറിന് ശേഷമേ ഹാൾട്ടിനുള്ള ദിനബത്ത് ക്ലെയിം ചെയ്യാവൂ.

4. ക്രമ നമ്പർ 15,16 -ൽ ഒരേ ദിവസം രണ്ട് തവണ ഐ.സി., ക്ലെയിം ചെയ്തതിട്ടുണ്ട്. ആയത് ചട്ടപ്രകാരം അനുവദനീയമല്ല.

5. മേൽ വിവരിച്ച ജീവനക്കാരുടെ യാത്രാബത്ത ബില്ലുകളിൽ യാത്രാ ഡയറി//യാത്രാബത്ത ക്ലെയിം വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/27.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ശുചിത്വമിഷൻ ഫണ്ട്-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ 21 വാർഡുകളിലേക്കായി 210000/- രൂപ ശുചിത്വമിഷൻ ഫണ്ട് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട് (വൗച്ചർ നമ്പർ 21800229/26.06.18) പ്രകാരം കക്കോടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ 29.06.2018 ന് 2,10,000/- രൂപ കൈപ്പറ്റിയതിന്റെ രശീത് ഫയലിലുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിന് ലഭിച്ച തുക വാർഡിൽ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ചെലവിന്റെ മുഴുവൻ വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 തച്ചയിൽതാഴം - ന്യൂ ബസാർ കനാൽ റോഡ് നിർമ്മാണം-പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. : 177/19

അടങ്കൽ തുക : 5,00,000/-രൂപ

ചെലവുതുക : 5,00,000/-രൂപ (ബിൽ നം.601375882/21.03.2019)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ മുട്ടോളി ഫീൽഡ് ബോത്തി ചെയിനേജ് 2/874 മുതൽ 2/993 വരെയുള്ള തച്ചയിൽതാഴം - ന്യൂബസാർ കനാൽ റോഡിലെ പൊട്ടിപ്പൊളിഞ്ഞ 119മീ. ദൂരം സഞ്ചാരയോഗ്യമാക്കുന്നതിന് മേൽ പ്രൊജക്റ്റ് ലക്ഷ്യമിടുന്നു. കുറ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 5,00,000/- രൂപ ചലാൻ നം.24637/21.3.2019 മുഖേന ഗ്രാമപഞ്ചായത്ത് കെ.വൈ.ഐ.പി.യുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

എന്നാൽ കെ.വൈ.ഐ.പി.നാളിതുവരെ തുകയുടെ കൈപ്പറ്റു രശീതി, പ്രവൃത്തി പുരോഗതി റിപ്പോർട്ട്/പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സ്യൂട്ട് രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് കക്ഷിയായ കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. രജിസ്റ്ററിലെ പല പേജുകളിലും പരാതിക്കാരന്റെ പേരും കേസ്സ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. കേസ് നിലവിലുണ്ടോ, തീർപ്പായോ, കേസിന്റെ വിധിയുടെ വിശദാംശം, വക്കീലിന് നൽകിയ ഫീസ് എന്നിവയുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

   (ഉദാ-പേജ് 2,3,6,12,36,16,19,38 etc)

2. പേജ് No.5 o.p.1692/11 നമ്പറായി രാഘവൻ .കെ.പി എന്നവർ ഫയലാക്കിയ ഒരു കേസ് ഉള്ളതായി കാണുന്നു.

കേസ് ഏത് കോടതിയിലാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കേസിന് നിയമോപദേശം തന്നതിന് അഡ്വ.രജിത് കുമാറിന് 500/- രൂപ ഫീസായി നൽകാൻ തീരുമാനിച്ചു എന്ന് കാണുന്നു. ഫീസ് നൽകിയതായോ, കേസ്സ് തീർപ്പായതായോ രജിസ്റ്റർ കൊണ്ട് വ്യക്തമല്ല. മാത്രവുമല്ല 500/- രൂപ നിയമോപദേശത്തിന് നൽകിയതായാണ് രേഖപ്പെടുത്തിയത്. പഞ്ചായത്തിന് നിയമോപദേശം നൽകാൻ ഒരു വക്കീലും കേസ് നടത്താൻ വേറെ വക്കീലിനേയും നിയമിക്കുന്നുണ്ടെങ്കിൽ ആയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്.

3. പേജ് നമ്പർ 7ൽ wp(c).No.4828/12, page 13ൽ wp(c)No.3897/13 എന്നീ കേസ്സുകൾ ആര് ആർക്കെതിരെ എന്താവശ്യത്തിന് കൊടുത്തു എന്നോ, കേസ് തീർപ്പായോ എന്ന ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 5,000/-രൂപ അഡ്വക്കേറ്റിന് നൽകി എന്നല്ലാതെ വക്കീലിന്റെ പേരോ മറ്റ് വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.
4. പേജ് നമ്പർ 4ൽ wp(c)No. 24027/14 ൽ നമ്പർ കേസിന്റെ സ്റ്റാറ്റസ് രേഖപ്പെടുത്തിയിട്ടില്ല. (ഹൈക്കോടതിയുടെ സൈറ്റ് പ്രകാരം കേസ്സ് ഡിസ്മിസ്ഡ് ആണ്) രണ്ട് തവണയായി ശ്രീ.കുഞ്ഞികൃഷ്ണൻ വക്കീലിന് 13,000/- രൂപ നൽകിയതായി കാണുന്നു. ചെക്ക് നമ്പർ ചേർത്തിട്ടില്ല. ചെക്ക് തീയ്യതിയും വ്യക്തമല്ല.
5. പേജ് നമ്പർ 23 ലും 25ലും ഒരേ കേസ് നമ്പർ ആണ് ചേർത്ത് കാണുന്നുണ്ട്. കോടതിയുടെ പേരില്ലാത്തതിനാൽ ഒ.എസ്.37/13 എന്നത് ഒരേ കേസാണോ, അതോ വ്യത്യസ്ത കോടതികളിൽ ഒരേ നമ്പറിലുള്ള രണ്ട് കേസാണോ എന്നത് വ്യക്തമല്ല.
6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഷീബ വിശ്വനാഥൻ ഫയലാക്കിയ wp(c)No.22053/19 നമ്പർ ഹരജിയിൽ വിധിപകർപ്പ് കിട്ടി ഒരുമാസത്തിനകം ഹരജിക്കാരിയുടെ അപേക്ഷ പരിഗണിച്ച് ബിൽഡിംഗ് പെമിറ്റ് നൽകാൻ 6.11.19 ന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.
മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.7.20) ലഭിച്ച മറുപടിയിൽ മേൽ ക്രമ നമ്പർ 6 -ൽ പരാമർശിച്ച ബിൽഡിഗ് പെർമിറ്റ് 6.12.19 -ന് നൽകിയതായും ആയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തതായും അറിയിച്ചിട്ടുണ്ട്.

സൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നത് ഒരു കേസിൽ പ്രസ്തുത പഞ്ചായത്ത് പരാതിക്കാരനാണോ എതിർകക്ഷിയാണോ എന്നറിയാനും കേസ് ഏത് കോടതിയിലാണെന്നും എന്താവശ്യത്തിനാണ് കേസ് ഫയലാക്കിയതെന്നറിയാനും വിധി എന്താണെന്നും പെട്ടെന്ന് മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടെയാണ്. ആയതിനാൽ മേൽ പറഞ്ഞ കാര്യങ്ങളും പഞ്ചായത്തിന് വേണ്ടി ഹാജരായ വക്കീലിന്റെ പേരും, കേസിന് ചെലവായ പണവും ഫീസ് നൽകിയ ചെക്ക് നമ്പറും തീയ്യതിയും എല്ലാം ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 വൗച്ചറുകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തനതു ഫണ്ടിൽ നിന്നുമുള്ള ചുവടെ ചേർത്ത ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ, ചെലവിനാധാരമായ അനുബന്ധ രേഖകൾ ഒന്നും തന്നെ വൗച്ചറിനൊപ്പം സൂക്ഷിച്ചതായി കാണുന്നില്ല. സാംഖ്യയിൽ നിന്നുമുള്ള പ്രിന്റഡ് വൗച്ചർ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | വൗച്ചർ നം. തിയ്യതി | തുക | ചെലവിനം | റിമാർക്സ്. |
|---|---|---|---|---|
| 1 | 21800157/ 29.5.18 | 10600 | വാഹന വാടക | അസി. എഞ്ചിനീയർ ചെലവഴിച്ചത്.<br>(ട്രിപ് ഷീറ്റ്, ക്ലെയിമിനുള്ള അപേക്ഷ, കൈപ്പറ്റു രശീതി ഹാജരാക്കിയിട്ടില്ല) |
| 2 | 21800158/ 29.5.18 | 1700 | ഫയൽ ക്രമപ്പെടുത്തൽ | അസി. എഞ്ചിനീയർ ചെലവഴിച്ചത്.<br>(മസ്റ്റർ റോൾ, തുക കൈപ്പററിയ രശീതി ഹാജരാക്കിയിട്ടില്ല) |

| | | | | |
|---|---|---|---|---|
| 3 | 51800150/ 24.5.18 | 17995 | പ്രിന്റർ വാങ്ങിയത് | അസി. എഞ്ചിനീയർ ചെലവഴിച്ചത്. (ക്വട്ടേഷൻ,ക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ, രശീതി ഹാജരാക്കിയിട്ടില്ല) |
| 4 | 51800150/ 24.5.18 | 21747 | ഫർണിച്ചർ വാങ്ങിയത് | അസി. എഞ്ചിനീയർ ചെലവഴിച്ചത്. (സപ്ലൈ ഓർഡർ, ക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ, രശീതി ഹാജരാക്കിയിട്ടില്ല) |
| 5 | 51800287/ 19.7.18 | 4600 | വാഹന വാടക | അസി. എഞ്ചിനീയർ ചെലവഴിച്ചത്. (ട്രിപ് ഷീറ്റ്, ക്ലെയിമിനുള്ള അപേക്ഷ, കൈപ്പറ്റു രശീതി ഹാജരാക്കിയിട്ടില്ല) |
| 6 | 51800282/ 8.7.18 | 3200 | വാഹന വാടക | ക്രാഫ്റ്റ് വില്ലേജ്-വാഹനചെലവ്. (ട്രിപ് ഷീറ്റ്, ക്ലെയിമിനുള്ള അപേക്ഷ, കൈപ്പറ്റു രശീതി ഹാജരാക്കിയിട്ടില്ല) |

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/19,27.07.20) ലഭിച്ച മറുപടിയിൽ ക്രമ നം.6-ൽ പറഞ്ഞ രേഖകൾ ലഭ്യമാക്കിയിരുന്നു. ഡ്രൈവർ ശ്രീ.ഉല്ലാസിന്റെ ട്രിപ്പ് ഷീറ്റിൽ വാഹനത്തിന്റെ തരമോ രജി. നമ്പറോ ഇല്ല. ഒപ്പം ലഭ്യമാക്കിയ രശീതിയിൽ തുക കൈപ്പറ്റിയതായി ശ്രീ.ഷിജിൽ കുമാർ എന്നയാൾ ഒപ്പ് വച്ചിട്ടുണ്ട്. ഇത്തരം കൈപ്പറ്റ് രേഖകൾ ഭാവിയിൽ വാങ്ങി സൂക്ഷിക്കുമ്പോൾ തുക കൈപ്പറ്റിയ ആളുടെ വിലാസം, തുക കൈപ്പറ്റിയ തിയ്യതി, യാത്ര ചെയ്ത വാഹനത്തിന്റെ വിശദാംശങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽപറഞ്ഞ രേഖകളിൽ (ക്രമ നം.6 ഒഴികെ) പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 56642/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ :44/19 (ഗ്രോ ബാഗിൽ പച്ചക്കറി കൃഷി)

അടങ്കൽ തുക : 2,56,666/- രൂപ (വികസന ഫണ്ട് 1,55,000)

ചെലവ് തുക : 2,56,666/- രൂപ

ബിൽനം: 7/18-19,31/01/19

'ഗ്രോ ബാഗിൽ പച്ചക്കറി കൃഷി 'എന്ന പദ്ധതി പ്രകാരം 500 കർഷകർക്കായി 10000 ഗ്രോ ബാഗുകളും (50% സബ്സിഡി) 40/-രൂപയുടെ വിത്തും, 100/- രൂപയുടെ ഓർഗാനിക് വളവും (ഇതിൽ 25% ഗുണഭോക്തൃവിഹിതം) നൽകുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നുമാണ് ഗ്രോബാഗ്, വിത്ത്, വളം എന്നിവ വാങ്ങി നൽകിയിട്ടുള്ളത്.

| ബിൽ നമ്പർ തീയ്യതി | തുക | തുക നൽകിയ സ്ഥാപനം | വാങ്ങിയ സാധനങ്ങളുടെ പേര് വിവരങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 30/1/2019 | 53380 | കാർഷിക കർമ്മസേന ,കക്കോടി | ഗ്രോ ബാഗിനുള്ള കാലി കവർ |
| 30/1/2019 | 10676 | മത്സ്യ ഫെഡ്. | ഫിഷ് മീൽ വളം |
| 21/1/19 | 50000 | മത്സ്യ ഫെഡ്. | ഫിഷ് മീൽ വളം |
| 21/1/19 | 20000 | നാഷണൽ സീഡ് കോർപ്പറേഷൻ. | വിത്തുകൾ |
| 21/1/19 | 85000 | കാർഷിക കർമ്മസേന ,കക്കോടി | ഗ്രോ ബാഗിനുള്ള കാലി കവർ |
| 21/1/19 | 5990 | മത്സ്യ ഫെഡ് | ഫിഷ് മീൽ വളം |
| 21/1/19 | 31620 | കാർഷിക കർമ്മസേന, കക്കോടി | ഗ്രോ ബാഗിനുള്ള കാലി കവർ |
| ആകെ | 2,56,666 | | |

മേൽ പറഞ്ഞ രീതിയിൽ ഗ്രോ ബാഗുകളും വിത്തും വളവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുമായി നിർവ്വഹണത്തിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തുകയുണ്ടായി.

1).ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത്. മാർഗ്ഗ രേഖയിൽ ഗ്രോ ബാഗിൽ പോർട്ടിങ്ങ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെയാണ് ഗുണഭോക്താവിന് വിതരണം ചെയ്യേണ്ടത്. എന്നാൽ പോർട്ടിങ്ങ് മിശ്രിതം ഇല്ലാത്ത കാലി ഗ്രോ ബാഗുകളും വിത്തും വളവും വേറേയുമാണ് വിതരണം ചെയ്തിട്ടുള്ളത്. പഞ്ചായത്ത് നിർദ്ദേശപ്രകാരം ഗ്രോബാഗുകൾ (പോട്ടിഗ് മിശ്രിതം നിറച്ചത്) കൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ടേഷൻ ചെലവുകൾ വരുമെന്നതും പരിഗണിച്ച് കർഷകരുടെ ആവശ്യപ്രകാരമാണ് കാലി കവറും മറ്റും നൽകിയതെന്നാണ് മറുപടി. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമില്ലാത്തതാകുന്നു.

2).കക്കോടി കാർഷിക കർമ്മസേനയിൽ നിന്നാണ് കാലി ഗ്രോ ബാഗുകൾ (കവറുകൾ) വാങ്ങി വിതരണം ചെയ്തത് (10000x17=170000/-). കാർഷിക കർമ്മസേന ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഗ്രോബാഗുകൾ (1,15,050/- രൂപക്ക് 10000 എണ്ണം) [ഇൻവോയ്സ് നമ്പർ എം.263/06.12.2018] MJ plastics,Eranakulam, എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിമാർഗ്ഗ രേഖ പ്രകാരം കവറുകൾ/ചട്ടികൾ കാർഷിക കർമ്മസേന സ്വയം നിർമ്മിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ, കാലി ഗ്രോബാഗ് കാർഷിക കർമ്മസേന സ്വയം നിർമ്മിച്ചതാണെന്നും ആയതിന് സാക്ഷ്യപത്രം ഹാജരാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളതെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല..

3). ഗ്രോ ബാഗുകളുടെ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാലി ബാഗുകൾ വിതരണം ചെയ്തതിനാൽ യൂണിറ്റ്കോസ്റ്റ് ബാധകമല്ല എന്നാണ് അറിയിച്ചത്. എന്നാൽ സർക്കാർ മാർഗ്ഗരേഖയിൽ കാലി ഗ്രോബാഗുകൾ വിതരണം ചെയ്യുവാൻ വ്യവസ്ഥയില്ല.

4).മറ്റ് കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം മുമ്പ് ആനുകൂല്യം ലഭിച്ചവർക്കല്ല ഗ്രോ ബാഗുകൾ നൽകിയത് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിലില്ല.

5).ഗുണഭോക്താക്കൾക്ക് യാതൊരു വിധ പരിശ്രമവുമില്ലാതെ അനായാസം കൃഷി നടത്താവുന്നതും പരിപാലനം നടത്താവുന്നതുമായ ഒരു പദ്ധതിയാണിത്. മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് ഗ്രോബാഗിൽ പോട്ടിഗ് മിശ്രിതം നിറച്ച് തൈ സഹിതം നൽകുന്നതാണ്പദ്ധതി. പകരം കാലി ഗ്രോ ബാഗും വിത്തുകളും, വളവും നൽകിയത് വഴി മേൽ പദ്ധതി ഉദ്ദേശ ലക്ഷ്യത്തോടെ ശരിയാംവണ്ണം നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചതായി കാണുന്നില്ല. നിറച്ച ഗ്രോബാഗുകൾ വീട്ടിലെത്തിക്കാൻ ട്രാൻസ്പോർട്ടേഷൻ ചാർജ് കൂടുതലായതിനാൽ വിത്തും വളവും കവറും നൽകിയെന്നും ആയതിനാൽ കൃഷി നല്ല രീതിയിൽ വ്യാപിപ്പിക്കുവാൻ സാധിച്ചു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി വ്യത്യസ്ത രീതിയിൽ ടി പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽനിന്നും ടി പദ്ധതിക്ക് മുൻകൂർ അനുമതി ആവശ്യമാണ്.

6).2013-ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി)നം.259/2010ത.സ്വ.ഭ.വ തി:08.11.10) പ്രകാരമോ ഒരു ലക്ഷം രൂപയിലധികമുള്ള വാങ്ങലുകൾ മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ അപ്രകാരം ഒരു

രേഖയും ഫയലിലില്ല. കാർഷിക കർമ്മസേന വഴി ടെണ്ടർ നടത്താതെ ഗ്രോബാഗുകൾ വാങ്ങിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയും പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായും ഗ്രോബാഗ് വാങ്ങിയതിന്റെ ചെലവ് തുകയായ 1,70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വാഴകൃഷി വികസനം -പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ.

പ്രൊജക്ട് നമ്പർ,പേര്. :49/19, വാഴകൃഷി വികസനം.

അടങ്കൽ തുക : 30,000/- രൂപ (വികസന ഫണ്ട്)

ചെലവ് തുക : 30,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

ചെറുകിട/നാമമാത്രമായ കർഷകർ, ജെ.എൽ .ജി ഗ്രൂപ്പ് അംഗങ്ങൾ വ്യകതികൾ തുടങ്ങിയവർക്ക് വാഴകന്നുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം കക്കോടി കാർഷിക കർമ്മസേന എന്ന സ്ഥാപനത്തിൽ നിന്നും (Bill No 117 date. 29.11.18) 1855 വാഴക്കന്നുകൾ 30,000/- രൂപക്ക് വാങ്ങുകയുണ്ടായി. 2018-19 -ലെ ഗുണഭോക്തൃ പട്ടികയിൽ ആകെ ഉള്ള 59 പേർക്ക് സൗജന്യമായി കന്നുകൾ വിതരണം നടത്തിയതായുള്ള കൈപ്പറ്റ് രേഖയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

<u>പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.</u>

1. ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത് .എന്നാൽ പ്രസ്തുത ഘടകം ഇവിടെ പരിഗണിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കർഷകർ അപേക്ഷയിൽ സ്ഥലവിസ്തൃതി രേഖപ്പെടുത്തി ഗ്രാമസഭയിൽ സമർപ്പിച്ചു എന്നാണ്. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ മാനദണ്ഡ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനാണ് അപേക്ഷയിൽ അന്തിമമായി പരിശോധിച്ച് തീരുമാനമെടുക്കേണ്ടത്.
2. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 17 എണ്ണം മുതൽ 54എണ്ണം വരെ വാഴകന്നുകൾ വിവിധ ഗുണഭോക്താക്കൾക്കായി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ടെങ്കിലും എണ്ണം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഭൂരിപക്ഷം കർഷകരും പാട്ടത്തിനെടുത്താണ് വാഴകൃഷി നടത്തുന്നതെന്നും, ഓരോരുത്തർക്കും കൃഷി ചെയ്യുവാൻ താൽപര്യമുള്ള കന്നുകളാണ് വിതരണം ചെയ്തതെന്നും, നല്ല വില ലഭിച്ചുവെന്നുമാണ് മറുപടി. എന്നാൽ മേൽ പറഞ്ഞ വസ്തുതകൾ ശരിവക്കുന്ന യാതൊരു രേഖയും (കർഷകന് നിശ്ചിത എണ്ണം കന്ന് മാത്രം സൗജന്യമായി മതിയെന്ന സമ്മതപത്രം ഉൾപ്പെടെ) ഫയലിലില്ല.
3. വിതരണ രജിസ്റ്ററിൽ കന്നുകൾ വിതരണം ചെയ്തതിന്റെയോ ഗുണഭോക്താതാക്കൾ കൈപ്പറ്റിയതിന്റെയോ തിയ്യതി രേഖപ്പെടുത്തിയില്ല.
4. ഗുണഭോക്താവിന്റെ അപേക്ഷ, കൃഷി സ്ഥലത്തിന്റെ ഉടമസ്ഥത, വിസ്തീർണ്ണം എന്നിവ കാണിക്കുന്ന രേഖകൾ ഒന്നും തന്നെ വാങ്ങി സൂക്ഷിക്കാതെയാണ് വിതരണം നടത്തിയത്. ഭൂരിപക്ഷം കർഷകരും സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി ചെയ്തതെന്നും രേഖകൾ വാങ്ങാൻ പറ്റില്ലെന്നും (നികുതിശീട്ട് ഉൾപ്പെടെ) ഗ്രാമസഭയിലാണ് നൽകുന്നതെന്നുമാണ് വിശദീകരിച്ചത്. എന്നാൽ ഒരപേക്ഷകന്റെ അർഹതാ മാനദണ്ഡം രേഖകൾ സഹിതം അന്തിമമായി പരിശോധിച്ച് പദ്ധതി ആനുകൂല്യം നൽകുവാനുള്ള ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനാണ്.
5. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കർഷകർ വാഴകൾ വേണ്ട വിധം പരിപാലിക്കുന്നുണ്ടെന്നും, നല്ല വില ലഭിക്കുന്നുണ്ടെന്നും, ലാഭകരമായ പ്രൊജക്ടാണെന്നും, പഞ്ചായത്തിനും നീർത്തട കമ്മറ്റിക്കും ബോദ്ധ്യപ്പെട്ടതാണെന്നും പറയുന്നു. എന്നാൽ മേൽ വസ്തുതകൾക്കടിസ്ഥാനമായ രേഖകളൊന്നും തന്നെ ലഭ്യമാക്കാൻ നിർവ്വഹണ ഉദ്ധ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടതെങ്കിലും യാതൊരു മാനദണ്ഡവും പാലിക്കാതെ നിരവധി പേർക്കായി തൈകൾ വീതിച്ച് വിതരണം ചെയ്തതിനാലും, കൃഷിയുടെ പുരോഗതി പരിശോധനക്ക് വിധേയമാക്കാത്തതിനാലും ഉൽപ്പാദന വർദ്ധനവ് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കാർഷിക ഇടപെടൽ നടത്താത്തതിനാൽ പ്രൊജക്ടുകൾ നടപ്പാക്കിയതുമൂലമുള്ള ഉൽപാദന വർദ്ധനവ്, സാമ്പത്തിക പുരോഗതി എന്നിവ വിലയിരുത്താൻ സാധിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 തെങ്ങുകൃഷി വികസനം - വളം വാങ്ങി വിതരണം ചെയ്തതും ഗുണഭോക്തൃ വിഹിതം പിരിച്ചതും ക്രമപ്രകാരമല്ല.

പ്രൊജക്ട് നം. 43/19 (തെങ്ങു കൃഷി വികസനം)

അടങ്കൽ തുക : 20,00,000/- രൂപ

ചെലവ് തുക : 19,22,648/- രൂപ (പ്ലാൻ 14,48,736/-)

ബിൽ നം. 1/17.9.2018

തെങ്ങ് കൃഷി വികസനം പദ്ധതിയിൽ തെങ്ങിൻ തൈ, ജൈവ വളം, കുമ്മായം (വിലയുടെ 25 % ഗുണ. വിഹിതം) എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിക്കാവശ്യമായ വളം കക്കോടി കാർഷിക കർമ്മസേന മുഖേന വാങ്ങി ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളുടെ വിലയായ 19,22,648/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കാർഷിക കർമ്മസേനക്ക് നൽകുകയുമുണ്ടായി. കാർഷിക കർമ്മസേന 17,56,300/- രൂപക്ക് വാങ്ങിയ വളങ്ങൾ കാർഷിക കർമ്മസേനയുടെ ചെലവുകൾ ചേർത്ത് (1,66,348/-) 19,22,648/- രൂപക്കാണ് കൃഷി ഓഫീസർ മുഖേന സപ്ലൈ ചെയ്തത്.

കാർഷിക കർമ്മസേന മുഖേന കർഷകർക്ക് ലഭ്യമാക്കിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാങ്ങിയ ഇനം | സാധനങ്ങൾ വാങ്ങിയ സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | നീം കേക്ക് | ഫീൽഡക്സ് അഗ്രോ ഇൻഡസ്ട്രീസ്, കണ്ണൂർ | 5,27,800 |
| 2 | ഫിഷ് മീൽ | മത്സ്യഫെഡ്, കോഴിക്കോട് | 8,73,600 |
| 3 | കുമ്മായം | ഫീൽഡക്സ് അഗ്രോ ഇൻഡസ്ട്രീസ്, കണ്ണൂർ | 3,54,900 |
| 4 | - | കാർഷിക കർമ്മസേന അനുബന്ധ ചെലവുകൾക്കായി ഈടാക്കിയ തുക | 1,66,348 |
| ആകെ | | | 19,22,648 |

<u>മേൽ പറഞ്ഞ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ താഴെ ചേർക്കുന്നു.</u>

1. പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ വളം (നീംകേക്ക്) കാർഷിക കർമ്മസേന കണ്ണൂരിലെ 'ഫീൽഡക്സ് ആഗ്രോ ഇൻഡസ്ട്രീസ് ' എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ വാങ്ങി വിതരണം ചെയ്യുകയുണ്ടായി. കക്കോടി കാർഷിക കർമ്മസേനക്ക് വളം വാങ്ങി വിതരണം നടത്തുന്നതിനുള്ള ലൈസൻസ് കൃഷി വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നുമാണ് കൃഷി ഓഫീസറുടെ മറുപടി. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കാരണം ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാണ്. കർമ്മസേന പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ജൈവവളങ്ങൾ മാത്രമേ കൃഷി ഓഫീസർ കൺവീനറായ പർച്ചേസിംഗ് കമ്മിറ്റിയുടെ അനുമതിയോടെ ഗുണഭോക്താക്കൾക്ക് വാങ്ങി ഉപയോഗിക്കാവുന്നത്. 14.2.2018-ലെ സ.ഉ.(കൈ.)നം.22/2018 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാർഷിക കർമ്മസേന ഉൽപ്പാദിപ്പിക്കാത്ത വളങ്ങൾ മറ്റൊരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങി കാർഷിക കർമ്മസേന മുഖേന തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി വിതരണം ചെയ്യാൻ വ്യവസ്ഥയില്ല.
2. 'ഫീൽഡക്സ് ആഗ്രോ ഇൻസ്ട്രീസ് 'എന്ന ഒരു സ്വകാര്യ സ്ഥാപനത്തെ മാത്രം ലൈം, നീം കേക്ക് എന്നിവ സപ്ലൈ ചെയ്യുന്നതിനായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഐഎസ്ഒ സർട്ടിഫിക്കറ്റുള്ള 'ഫീൽഡക്സ്'' ഉൽപ്പാദന യൂണിറ്റിൽ നിന്നും നേരിട്ട് വളം മിതമായ വിലയിലും ഗുണം മെച്ചമായതുകൊണ്ടുമാണ് ടി കമ്പനിയെ തെരഞ്ഞെടുത്തത് എന്ന ഓഡിറ്റിന് നൽകിയ മറുപടി തൃപ്തികരമല്ല. ലൈസൻസ് ഉള്ള കേരളത്തിലെ മറ്റു കമ്പനികൾ തയ്യാറായിട്ടുണ്ടോ എന്നും, എന്തുകൊണ്ടാണ് മറ്റു കമ്പനികളെ ആവശ്യകത അറിയിക്കാതെ '0' ഫോം ഹാജരാക്കിയ ടി കമ്പനിയെ മാത്രം തെരഞ്ഞെടുത്തത് എന്നത് വ്യക്തമല്ല. കൂടാതെ ഉൽപ്പാദന യൂണിറ്റിൽ നിന്നും വളം നേരിട്ടിറക്കുന്ന മറ്റ് കമ്പനികൾ ഇല്ല എന്ന നിഗമനത്തിൽ എപ്രകാരമാണ് എത്തിയതെന്നും, ടി കമ്പനിയുടെ വളം വില കുറവാണെന്ന് താരതമ്യം ചെയ്ത് എത്തിചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമാക്കേണ്ടതാണ്.
3. പഞ്ചായത്ത് നടപ്പാക്കുന്ന സർക്കാർ അംഗീകാരമുള്ള പദ്ധതികളുടെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് രശീത് ബുക്ക് വഴി പിരിച്ച് അവ തദ്ദേശസ്ഥാപനത്തിൽ അടവാക്കേണ്ടതുണ്ട്. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന വ്യകതി/സ്ഥാപനത്തിന്റെ പേരിൽ നൽകുകയാണ് ചെയ്യേണ്ടത്. എന്നാൽ കാർഷിക കർമ്മ സേന അവരുടെ രസീതുകൾ വഴി ടി പദ്ധതിയുടെ ഗുണഭോക്തൃവിഹിതം 4,80,666/- രൂപ പിരിച്ചെടുത്ത് കാർഷിക കർമ്മ സേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് (SBI,Kakkodi,a/cNo.67299389983) നിക്ഷേപിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം കർഷകർ നേരിട്ട് ചെലവഴിക്കുന്ന രീതിയിലാണ് കാർഷിക കർമ്മസേനയിൽ അടച്ചതെന്നും, നിരവധി കർഷകരുടെ ഗുണ.വിഹിതം പഞ്ചായത്തിൽ അടച്ച് കൃഷി ഓഫീസറുടെ റിക്വസ്റ്റ് പ്രകാരം കാർഷിക കർമ്മ സേനക്ക് നൽകേണ്ടുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് കാർഷിക കർമ്മസേന വഴി സ്വീകരിച്ചത് എന്നാണ് വിശദീകരിച്ചത്.

മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി പൊതുജനങ്ങളിൽ നിന്ന് പണം പിരിക്കാൻ ഒരു സ്വകാര്യ ഏജൻസിക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥ കൂട്ട് നിന്നത് ചട്ടങ്ങളുടെ ലംഘനമാണ്.

4. ഗുണഭോക്താക്കളിൽ നിന്നും വിവിധ തിയ്യതികളിലായി കാർഷിക കർമ്മസേന പിരിച്ച ഗുണഭോക്തൃ വിഹിതം തന്നെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ കൃത്യമായി അടവാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി. 17.7.2018 മുതൽ 21.7.18 വരെയുള്ള പിരിവ് തുക 9 ദിവസത്തിന് ശേഷം (24,910/- രൂപ) 26.7.18- നാണ് ബാങ്കിൽ ഒടുക്കിയത്. പിന്നീടുള്ള പിരിവു തുക (23.7.18 മുതൽ 30.07.2018 വരെ) 2.8.18-നാണ് ബാങ്കിൽ അടവാക്കിയത്. ഗുണ.വിഹിതം കൃത്യമായി ബാങ്കിൽ അടവാക്കിയിട്ടുണ്ടെന്നും (ഏതെങ്കിലും അസൗകര്യമുള്ള ദിവസങ്ങൾ ഒഴിച്ച്), കൃഷി ഓഫീസർ തന്നെയാണ് കാർഷിക കർമ്മസേനയുടെ ചുമതല നിർവ്വഹിക്കുന്നതെന്നുമാണ് ഓഡിറ്റിന് നൽകിയ മറുപടി. എന്നാൽ ഇത് ശരിയല്ല. പഞ്ചായത്ത് രശീത് ബുക്ക് പ്രകാരം പിരിച്ച് പഞ്ചായത്തിൽ അടവാക്കേണ്ട തുക കാർഷിക കർമ്മസേന അവരുടെ രശീത് പ്രകാരം പിരിച്ച് ഗുണ.വിഹിതം കൃത്യമായി ബാങ്കിലടക്കാതെ ദിവസങ്ങളോളം കൈയ്യിൽ സൂക്ഷിച്ചതായി കാണുകയുണ്ടായി. ഒരു ദിവസത്തെ പിരിവ് തുക തൊട്ടടുത്ത പ്രവ്യത്തി ദിവസം ബാങ്കിലടക്കാതെ കൈയ്യിൽ സൂക്ഷിക്കുന്നത് താൽക്കാലിക പണാപഹരണത്തിന്റെ ഗണത്തിൽ വരുന്ന പ്രവർത്തിയാണ്. മേൽ പറഞ്ഞ പ്രവർത്തികളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യേണ്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിർദ്ദേശമില്ലാതെ മറ്റൊരു സ്ഥാപനത്തേയോ ഏജൻസിയെയോ ആശ്രയിച്ചതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല.

5. 2013-ലെ കേരള സ്റ്റോർ പർച്ചേസ് ചട്ടപ്രകാരമോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമോ ഒരു ലക്ഷത്തിന് മുകളിലുള്ള സാധനങ്ങൾ പൊതു വിപണിയിൽ നിന്നും വാങ്ങുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് വിതരണക്കാരെ തിരഞ്ഞെടുക്കേണ്ടത്. എന്നാൽ 8,88,700/- രൂപയുടെ സാധനങ്ങൾ കക്കോടി കാർഷിക കർമ്മസേന വഴി 'ഫീൽഡെക്സ് 'എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല.

കൃഷിയുമായി ബന്ധപ്പെട്ട പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, പഞ്ചായത്ത് പദ്ധതിക്കായി കാർഷിക കർമ്മസേന സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നത് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കാർഷിക കർമ്മസേനക്ക് അവ രൂപീകൃതമായത് മുതൽ മറ്റ് നിരവധി ഉദ്ദേശങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളുമുണ്ട്.

കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിക്കൊപ്പമുള്ള ലൈസൻസ് പകർപ്പ് കാർഷിക കർമ്മസേനക്ക് പ്രവർത്തിക്കുന്നതിനുള്ള ട്രേഡ് ലൈസൻസാണ്. എന്നാൽ സർക്കാരിന്റെ വികസന ഫണ്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാർഷിക കർമ്മസേനയെ ഒരു ഏജൻസിയായോ മറ്റൊരു സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വിലയ്ക്ക് വാങ്ങി വില്പന നടത്തുവാനോ ചുമതലപ്പെടുത്തിയിട്ടില്ല.

ആയതിനാൽ കാർഷിക കർമ്മസേന വഴി കൃഷി ഓഫീസർ 'ഫീൽഡക്സ് ' എന്ന സ്ഥാപനത്തിന് നൽകിയ നീംകേക്ക്,ലൈം എന്നിവയുടെ വിലയായ 8,82,700/- (5,27,800 + 3,54,900) രൂപയുടെ ചെലവും കാർഷിക കർമ്മസേന പ്രവർത്തന ചെലവിനത്തിൽ ഈടാക്കിയ തുകയായ 1,66,388/- രൂപയും ചേർത്ത് 10,49,048/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ഗുണ.വിഹിതം ദിവസങ്ങളോളം ബാങ്കിലടക്കാതെ കൈവശം വച്ചതും ഗുരുതരമായ കൃത്യവിലോപമാണ്. ആയതിന് വ്യക്തമായ വിശദികരണം ലഭ്യമാക്കാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-25 ഇടവിള കൃഷി,പച്ചക്കറി വികസനം,ഫലവൃക്ഷതൈ വിതരണം -പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ

ചെറുകിട നാമമാത്രമായ കർഷകർ ,ജെ.എൽ .ജി ഗ്രൂപ്പ് അംഗങ്ങൾ ,പാട്ടകൃഷിക്കാർ പുരുഷ സ്വയംസഹായ സംഘങ്ങൾ,തരിശുഭൂമി കൃഷിക്കാർ എന്നിവർക്കാണ് താഴെ കാണിച്ച ഇനങ്ങൾ വിതരണം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്തത്. National seed Corporation Ltd. Palakkad, Matsyafed Fish Meal Plant,Kozhikode, VFPCK Seed Processing Plant, Palakkad, Karshika Karmasena,Kakkodi എന്നിവ വഴിയാണ് പദ്ധതിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയിരുന്നത്.

| ക്രമ | പ്രൊജക്ട് നമ്പർ,പേര്. | വിതരണം ചെയ്ത | ബിൽ നമ്പർ, തിയ്യതി | അടങ്കൽ | ചെലവ് |
|---|---|---|---|---|---|

| നമ്പർ | | ഇനങ്ങൾ | | | |
|---|---|---|---|---|---|
| 1 | So048/19, (വനിത) | ഇടവിളകൃഷി ഇനങ്ങൾ | 8/19/03/2019 | 5,00,000/- | 4,99,960/- |
| 2 | So047/19, | ഫലവൃക്ഷത്തൈ വിതരണം | 6/04/12/2018 | 46,666/- (ഗുണ. വിഹതം :11,666/-) | 45,500/- |
| 3 | So046/19, | പച്ചക്കറികൃഷി വികസനം (വിത്തുകൾ) | 9,11,12/18 /03/2019 | 1,35,000/- (ബ്ളോക്ക് വിഹിതം 42,500/-ഗുണ.വിഹിതം :10,000/-) | 1,35,000/- |

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത്. എന്നാൽ എല്ലാവർക്കും ഒരേ രീതിയിൽ കിറ്റായിട്ടാണ് വിതരണം ചെയ്തത് എന്ന നിർവ്വഹണ ഉദ്ധ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്.
2. ഇടവിള കൃഷി വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമനമ്പർ 1 പ്രകാരം കാർഷിക കർമ്മസേന വഴി വാങ്ങിയ 5 ലക്ഷത്തോളം രൂപയുടെ (ബിൽ നമ്പർ.123/6.3.19 തുക: 4,99,960/-) വിത്തിനങ്ങളാണ് ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തത്. കക്കോടി കാർഷിക കർമ്മസേന വിത്തിനങ്ങൾ സ്വയം ഉൽപ്പാദിപ്പിച്ചതാണോ പുറമെനിന്നു വാങ്ങി നൽകിയതാണോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. വിതരണ രജിസ്റ്ററിൽ വിവിധ വിത്ത് ഇനങ്ങൾ വിതരണം ചെയ്തതിന്റെയോ, ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയോ തിയ്യതി രേഖപ്പെടുത്തിയില്ല.
4. ഗുണഭോക്താവിന്റെ അപേക്ഷ,കൃഷി സ്ഥലത്തിന്റെ ഉടമസ്ഥത,വിസ്തീർണ്ണം, തുടങ്ങിയ രേഖകൾ ഒന്നും തന്നെ വാങ്ങി സൂക്ഷിക്കാതെയാണ് വിതരണം നടത്തിയത്. ഗ്രാമസഭയിൽ നിന്നും അപേക്ഷകൾ വാങ്ങുമ്പോൾതന്നെ സ്ഥലവിസ്തൃതി രേഖപ്പെടുത്തി വാങ്ങുമെന്നും കൃഷിഭവനിൽ അപേക്ഷകൾ പരിശോധിക്കാറില്ലെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനാണ് അന്തിമമായി ആവശ്യമായ മുഴുവൻ രേഖകളും വാങ്ങി പരിശോധിച്ച് അർഹത ഉറപ്പുവരുത്തേണ്ടത്. ആയതിനാൽ വിതരണം മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും, സുതാര്യത ഉറപ്പുവരുത്തിയുമാണോ പദ്ധതി നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. കൈപ്പറ്റിയ ഗുണഭോക്താക്കൾ വിവിധ തൈകൾ, വിത്തുകൾ വേണ്ട വിധം നട്ട് പരിപാലിച്ചതായി പരിശോധന നടത്തിയോ എന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾ വിത്തുകളും തൈകളും ഉപയോഗപ്പെടുത്തി ഉൽപ്പാദന വർദ്ധനവ്, നേട്ടങ്ങൾ വരുത്തിയതായി കാണിക്കുന്ന യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടതെങ്കിലും പദ്ധതി മാനദണ്ഡം പാലിക്കാതെ നിരവധി പേർക്കായി വീതിച്ച് തൈകൾ വിതരണം ചെയ്ത കാരണത്താലും, കൃഷിയുടെ പുരോഗതി പരിശോധനക്ക് വിധേയമാക്കാത്തതിനാലും ഉൽപ്പാദന വർദ്ധനവ് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്ന സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കാർഷിക ഇടപെടൽ നടത്താത്തതിനാൽ പ്രൊജക്കുകൾ കൊണ്ടുള്ള ഉൽപാദന വർദ്ധനവ്, സാമ്പത്തിക പുരോഗതി എന്നിവ വിലയിരുത്താൻ സാധിക്കാത്തതാകുന്നു.

## 1-26 ഹരിതകേരളം പദ്ധതി നടപ്പാക്കുന്നതിൽ കാർഷിക മേഖലയുടെ പങ്ക്- അവലോകനം

ജി.ഒ. (എം.എസ്) 11/2018/ തസ്വഭവ തിയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരള മിഷൻ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി യോജിച്ചുള്ളവയായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം കാർഷിക മേഖലയിൽ

നടപ്പാക്കിയ വിവിധ പദ്ധതികൾ ഹരിതകേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഊന്നൽ നൽകുന്നവയല്ലെന്നു കാണുന്നു.

ഹരിത കേരളം മിഷന്റെ ലക്ഷ്യമായ ജൈവ കൃഷിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം, തരിശുഭൂമി കൃഷി, കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ പ്രോൽസാഹിപ്പിച്ച് നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖല സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കത്തക്ക വിധമുള്ള പദ്ധതികൾ, നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലായിട്ടില്ല. ഇതിനാൽ കാർഷിക മേഖലയുടെ സമഗ്ര വികസനം എന്ന ലക്ഷ്യം നടപ്പിലായിട്ടില്ല. മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം, എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പ്രകാരമുള്ള പദ്ധതികളൊന്നും രൂപീകരിച്ച് പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഇത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിങ്ങ് കമ്മറ്റിയോ വർക്കിങ്ങ് ഗ്രൂപ്പോ മുന്നോട്ടു വച്ച് നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടില്ല.

കാർഷിക മേഖലാ വർക്കിങ്ങ് ഗ്രൂപ്പ് 2018-19-ൽ നടപ്പാക്കേണ്ട പദ്ധതികളുമായി ബന്ധപ്പെട്ട് 21.03.2018, 02.10.2018, എന്നീ തിയ്യതികളിൽ യോഗം ചേർന്നെങ്കിലും തരിശു ഭൂമിയിൽ പച്ചക്കറികൃഷി, തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനത്തോടെയുള്ള പദ്ധതികൾ എന്നിവ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥയോ മേൽ പറഞ്ഞ രീതിയിൽ നടപടികൾ സ്വീകരിയ്ക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല.

കൃഷിഭൂമി വികസിപ്പിച്ച് നൂതന കൃഷി രീതികളും വിളവുകളും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കക്കോടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | 209/19 ചെറിയേരിപൊയിൽ താഴം പുതിയേടത്ത് താഴം റോഡ് | 200,000 | അഷ്റഫ്.വി | 199,817/- (56/14-01-2019) |
| 2 | 214/19 മുത്താണിക്കുന്ന് താഴം കിരാലൂർ സ്കൂൾ റോഡ് | 250,000 | അഷ്റഫ്.വി | 150,000/- (35/10-12-2018), 100,000/- (1735443/30-11-2018) |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ | കരാർ | പൂർത്തീകരി | പൂർത്തീകരിച്ച | ആദ്യ | തുടർന്നുള്ള | ആകെ |

| | പേര്, പ്രൊജക്ട് നമ്പർ | പ്രകാരമുള്ള തുക | ക്കേണ്ട തിയ്യതി, കാലയളവ് | തിയ്യതി, അധികമെടുത്ത കാലയളവ് | ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ25%* തവണ) | ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | 209/19 ചെറിയേരി പൊയിൽ താഴം പുതിയേടത്ത് താഴം റോഡ് | 1,99,817 | 210 ദിവസം (17.09.2018) | 21.12.2018(95 ദിവസം) | 1,998 (53ദിവസം) | (42ദിവസം/ 3996 x 42/53 = 3,166 | 5,164 |
| 2 | 214/19 മുത്താണിക്കുന്ന് താഴം കിരാലൂർ സ്കൂൾ റോഡ് | 2,50,000 | 180 ദിവസം (17.07.2018) | 27.11.18 (133ദിവസം) | 2,500 (45ദിവസം) | (88ദിവസം 5000 x 88/45 = 9,778 | 12,278 |
| | | | | | | | 17,442 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് സാമ്പത്തിക വർഷം കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 17,442/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **1-28** കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞിരുന്നു.പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ്

വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | തുക, ബിൽ നം/തീയതി |
|---|---|---|---|
| 1 | 216/19 പറമ്പത്ത് താഴം റോഡ് | 19-02-2018 | 198,212/- (06/07-07-2018) |
| 2 | 178/19 കമ്പ്രാക്കുന്ന് പീച്ചങ്ങാളി താഴം റോഡ് | 19-02-2018 | 2,00,000/- (5/28-05-2018) |
| 3 | 180/19 കൃഷിഭവൻ റിപ്പയർ | 18-01-2018 | 2,99,987/-(4/28-05-2018) |
| 4 | 209/19 ചെറിയേരിപൊയിൽ താഴം പുതിയേടത്ത് താഴം റോഡ് | 19-02-2018 | 1,99,817/- (56/14-01-2019) |
| 5 | 218/19 പുത്തലത്ത് താഴം റോഡ് | 03-02-2018 | 1,49,998/- (9/07-07-2018) |
| 6 | 213/19 വടക്കയിൽ പുതിയേടത്ത് താഴം റോഡ് | 03-02-2018 | 2,00,000/- (13/07-07-2018) |
| 7 | 211/19 കോട്ടനാട്ടിൽ എളേടത്ത് താഴം റോഡ് | 10-01-2018 | 3,00,000/- (10/07-07-2018) |
| 8 | 214/19 മുത്താണിക്കുന്ന് താഴം കിരാലൂർ സ്കൂൾ റോഡ് | 18-01-2018 | 1,50,000/- (35/10-12-2018), 100,000/- (1735443/30-11-2018) |
| 9 | 205/19 അരങ്ങാളി ഹൈസ്കൂൾ റോഡ് | 02-03-2018 | 2,00,000/-(29/10-12-2018) |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (11/2018-19 തീയതി 27.07.20) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കാനിടയായ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-29 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആകെ ഒരു തവണയാണ് മീറ്റിംഗ് കൂടിയത്. 06-12-2018തിയ്യതിയിൽ. അതിനു മുമ്പത്തെ മീറ്റിംഗ് നടന്നത് 21-03-2018നാണ്. 06-12-2018നു ശേഷം 06-01-2020നു മാത്രമാണ് പിന്നീട് യോഗം ചേർന്നത്. 2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്,വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം.പ്രവൃത്തി

പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-30 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 100 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 144 ആണ്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 4.35 കോടി രൂപയിൽ 2.81 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 37 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 7 എണ്ണം വരുന്നുണ്ട്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 1.31 കോടി രൂപയിൽ 0.05കോടി രൂപ വികസനഫണ്ട്, 0.05കോടി രൂപ വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (0.34 കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (0.24കോടി), മെയിന്റനൻസ് ഗ്രാന്റ് റോഡ് (0.63കോടി) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. 1.31കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട്മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്ന തുക കൂടി പരിഗണിച്ചാണ്. ഇങ്ങനെ 1.14 കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതി വിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1)വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

3) സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി. വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകും വിധം ഇടപെടലുകൾ നടത്താനായിട്ടില്ല. രണ്ട് പ്രാവശ്യം കരാറുകാരുടെ യോഗം ചേരുന്നതിന് തീരുമാനം കൈക്കൊണ്ടെങ്കിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി. അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യാഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-31 വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

തദ്ദേശസ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന വെബ് സൈറ്റ് മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ

പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6.വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാകുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന വെബ് സൈറ്റ് മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്.മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-32 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി :അപാകതകൾ

പ്രവൃത്തി :നരിക്കോട്ട് താഴം കക്കാട്ടുകുന്നുമ്മൽ റോഡ്

പ്രൊജക്ട് നമ്പർ :203/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 12/05-07-2018, 60,000 /-

എ) സർക്കുലർ നമ്പർ. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി.13-11-2014 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് നൽകേണ്ടത്. ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ, യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അധികരിച്ച വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ച് വേണ്ടിയിരുന്നു ബിൽ തുക നൽകാൻ. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായിട്ടില്ല.

ബി) പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി കമ്മറ്റി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങി ആ അക്കൌണ്ടിലൂടെ വേണം എല്ലാ വരവു ചെലവുകളും നടത്തേണ്ടത്. എന്നാൽ ഇവിടെ അത്തരത്തിൽ ഒരു അക്കൌണ്ട് തുടങ്ങിയിട്ടില്ല. പ്രവൃത്തിയുടെ ബിൽ തുക നൽകിയത് കൺവീനർ അജിത്കുമാർ.കെ.കെയുടെ പേരിലുള്ള അക്കൌണ്ടിലേക്കാണ്.

മേൽ അപാകതകൾ കാരണം 60,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ബിൽ തുക കമ്മറ്റികളുടെ അക്കൗണ്ടിലേക്ക് വരവു വന്നുവെന്നും അതിൽ നിന്നുമാണ് കമ്മറ്റിക്ക് ചെലവായ തുകകൾ ചെലവഴിച്ചതെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കിയും, ചെലവ് രേഖകൾ പരിശോധിച്ച് കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ചുറപ്പുവരുത്തിയും തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ, പദ്ധതികളുടെ എണ്ണം, പൂർത്തീകരിച്ചവ, തൊഴിൽ ദിനങ്ങൾ, തൊഴിലാളികൾ എന്നിവയടങ്ങിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 2018-19 വർഷത്തെ മൊത്തം അടങ്കൽ | 2,76,92,000 | | |
| 2018-19 വർഷത്തെ ആകെ വരവ് | 30,936 | | |
| 2018-19 വർഷത്തെ ആകെ ചെലവ് | 146,47,672 | | |
| 2018-19 വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 146,08,761 | | |
| 2018-19 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതി കളുടെ എണ്ണം |
| ആക്ഷൻ പ്ലാൻ പ്രകാരം | 100 | 100 | -- |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3910 | | |
| 2018-19 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 46750 | | |
| പട്ടികജാതി | 8339 | | |
| പട്ടിക വർഗ്ഗം | -- | | |
| മറ്റുള്ളവർ | 38411 | | |
| ആകെ | 46750 | | |
| സ്ത്രീകൾ | 43897 | | |
| പുരുഷൻമാർ | 2853 | | |
| 2018-19 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 328 | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2018-19 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല | | |

| | |
|---|---|
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ വിതരണം ചെയ്ത വേതനം | ഇല്ല |

**തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ**

| | എസ്.സി | എസ്.ടി | ജനറൽ | ആകെ |
|---|---|---|---|---|
| രജിസ്ട്രേഷൻ | 383 | - | 3527 | 3910 |
| ആകെ തൊഴിലാളികൾ | 125 | - | 857 | 982 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 8339 | - | 38411 | 46750 |
| 100 ദിനം പൂർത്തിയാക്കിയവർ | 66 | - | 262 | 368 |
| ചെലവഴിച്ച തുക | കൂലിയിനം | മെറ്റീരിയൽ | ഭരണ ചെലവ് | ആകെ |
| | 1,28,87,280 | 10,73,030 | 6,48,451 | 1,46,08,761 |

മേൽപ്പറഞ്ഞ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ പദ്ധതിരേഖകൾ ലഭ്യമാക്കിയ പ്രകാരം പദ്ധതികൾ യഥാവിധി നടന്നുവരുന്നതായി കാണുകയുണ്ടായി.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കക്കോടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | 209/19 ചെറിയേരിപൊയിൽ താഴം പുതിയേടത്ത് താഴം റോഡ് | 2,00,000 | അഷ്റഫ്.വി | 1,99,817/- (56/14-01-2019) |
| 2 | 214/19 മുത്താണിക്കുന്ന് താഴം കിരാലൂർ സ്കൂൾ റോഡ് | 2,50,000 | അഷ്റഫ്.വി | 1,50,000/- (35/10-12-2018), 1,00,000/- (1735443/30-11-2018) |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ | കരാർ | പൂർത്തീകരി | പൂർത്തീകരിച്ച | ആദ്യ | തുടർന്നുള്ള | ആകെ |

| | പേര്, പ്രൊജക്ട് നമ്പർ | പ്രകാരമുള്ള തുക | ക്കേണ്ട തിയ്യതി, കാലയളവ് | തിയ്യതി, അധികമെടുത്ത കാലയളവ് | ദീർഘിീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | ദീർഘിീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ25%* തവണ) | ദീർഘിീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | 209/19 ചെറിയേരി പൊയിൽ താഴം പുതിയേടത്ത് താഴം റോഡ് | 1,99,817 | 210 ദിവസം (17.09.2018) | 21.12.2018(95 ദിവസം) | 1,998 (53ദിവസം) | (42ദിവസം/ 3996 x 42/53 = 3,166 | 5,164 |
| 2 | 214/19 മുത്താണിക്കുന്ന് താഴം കിരാലൂർ സ്കൂൾ റോഡ് | 2,50,000 | 180 ദിവസം (17.07.2018) | 27.11.18 (133ദിവസം) | 2,500 (45ദിവസം) | (88ദിവസം 5000 x 88/45 = 9,778 | 12,278 |
| | | | | | | | 17,442 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് സാമ്പത്തിക വർഷം കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 17,442/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - ഫർണ്ണിച്ചറിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നം. 196/19

അടങ്കൽ തുക : 2,50,000/-

ചെലവു തുക : 2,10,319/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി, ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരിച്ച് ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് നേടുന്നതിനായി ഓഫീസിലേക്ക് ഫർണിച്ചർ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്

2017-18ൽ സർക്കാർ അംഗീകൃത ഏജൻസിയായ കാഡ്കോയെ ചുമതലപ്പെടുത്തിയിരുന്നു. ഇൻവോയ്സ് നം.KADCO/NRO/SALES/17-18/400/27.3.2018 പ്രകാരം 1,17,493/-രൂപ വിലയുള്ള താഴെ പറയുന്ന സാധനങ്ങൾ കാഡ്കോ ലഭ്യമാക്കിയതായി കാണുന്നു.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|
| 1 | ഷോകേസ് (140X43X20cm) using 18mm treated Rubwood panel | 8474 | 1 | 8,474 |
| 2 | കർട്ടൻ വർക്ക് (58" width X 52"Height using cotton cloth) | 2118 | 5 | 10,590 |
| 3 | അലൂമിനിയം ഫാബ്രിക്കേറ്റഡ് ഡോർ | 4237 | 2 | 8,474 |
| 4 | സ്റ്റീൽ റാക്ക് (6'X3'X1.25' 5 panel ) | 63559 | 1 | 63,559 |
| 5 | കാർട്ടൺ ബോക്സ് (150 Nos.) | 3389 | 1 set | 3,389 |
| 6 | ഡിസ്പ്ലേ ബോർഡ് (8'X3') അലൂമിനിയം ഫാബ്രിക്കേറ്റഡ് | 5084 | 1 | 5,084 |
| | | | | 99,570 |
| | ജി.എസ്.ടി 18% | | | 17,923 |
| | ആകെ | | | 1,17,493 |

ക്രമ നം.1 ആയി കാണിച്ചിട്ടുള്ള ഷോകേസ് കാഡ്കോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ വില 8,474/- രൂപ കുറവു വരുത്തി 1,09,019/- രൂപ ബിൽ നം.600476335/31.8.2018 പ്രകാരം ഗ്രാമപഞ്ചായത്ത് കാഡ്കോക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം തുക നൽകിയപ്പോൾ 8,474/- രൂപയിന്മേലുള്ള ജി.എസ്.ടി.(18%) തുകയായ 1,525/- രൂപ കൂടി കുറവു ചെയ്യേണ്ടതായിരുന്നു. ആയത് കുറവുചെയ്യാതെയാണ് തുക അനുവദിച്ചത്. അധികം അനുവദിച്ച 1,525/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11.07.2019 മുതൽ 12.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2019(18)/01.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 3,01,050 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,01,050 | 0 |
| " | 2018-19 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| " | 2017-18 | 7,00,000 | ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി | 7,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| “ | 2018-19 | 11,68,022 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 11,68,022 | 0 |
| “ | 2018-19 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |
| “ | 2018-19 | 4,56,091 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 0 | 456091 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 5,00,000 | പടിഞ്ഞാറ്റമുറി അങ്കണവാടി നിർമ്മാണം | 4,70,370 | 29630 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 10,00,000 | കുഴിക്കാട്ട് മീത്തൽ<br>കുടിവെള്ള പദ്ധതി | 9,98,813 | 1187 |
| “ | 2017-18 | 5,00,000 | ഒറ്റപ്പിലാക്കിൽ<br>കുടിവെള്ള പദ്ധതി | 3,53,986 | 146014 |
| “ | 2018-19 | 4,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,25,000 | 0 |
| “ | 2018-19 | 7,00,000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 7,00,000 | 0 |
| “ | 2018-19 | 71,400 | നെൽക്കൃഷി വികസനം | 71,400 | 0 |
| “ | 2018-19 | 42,500 | പച്ചക്കറി വികസനം | 42,500 | 0 |
| “ | 2018-19 | 2,00,000 | അങ്കണവാടി പോഷകാഹാരം | 2,00,000 | 0 |
| “ | 2018-19 | 5,00,000 | ധർമ്മകുന്ന് കുടിവെള്ള പദ്ധതി | 5,00,000 | 0 |
| “ | 2018-19 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| “ | 2018-19 | 1,00,000 | കറവപ്പശുക്കൾക്ക്<br>കാലിത്തീറ്റ | 1,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 18160352020600276674 | 1,95,514 | 1,95,514 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 18160352020600871596 | 3,21,509 | 3,21,509 | 0 |
| കുറ്റ്യാടി ജലസേചന പദ്ധതി | തച്ചയിൽ താഴം ന്യൂബസാർ കനാൽ റോഡ് | 18160352020601375882 | 5,00,000 | 0 | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 30,56,024/- രൂപ വരവുണ്ട്. പ്രസ്തുത തുക ലൈഫ് ഭവനപദ്ധതിക്കായി ഓഡിററ് വർഷം വിനിയോഗിക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(എം.എസ്.)2278/ ത.സ്വ.ഭ.വ./തീയതി 18.08.2018 | 30,56,024 | 0 | 0 | 0 | 30,56,024 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷ നിക്ഷേപം | 0 |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| തൻവർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ ആശുപത്രി ഓഹരി | ലഭ്യമല്ല | | 2,500 |
| 2 | കോഴിക്കോട് ജില്ലാ ഫാർമേഴ്സ് & സീഡ്സ് വിപണന കേന്ദ്രം ഓഹരി | ലഭ്യമല്ല | | 500 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 300/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-3 (1) | 300 | സി.കെ.വിജയകുമാർ, മുൻ സെക്രട്ടറി | 118050100692/ 20.04.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2004-05 | 11.1.3.11 | നികുതിപിരിവിൽ അലംഭാവം | പരാർശം തുടരുന്നു |
| 2000-01 | | 2004-05 | 11.1.3.51 | നികുതിപിരിവിൽ അലംഭാവം | പരാർശം തുടരുന്നു |
| 2001-02 | | 2005-06 | 2.70.14.28 | നികുതിപിരിവിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ സമർപ്പിച്ചു |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | പരാർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം - 4 | തൊഴിൽ നികുതി അപാകതകതകൾ | “ |
| 2016-17 | 2-7 | 2017-18 | 1.11.7 | വസ്തുനികുതിയിൽ നഷ്ടം | “ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,61,64,127.57 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,53,53,101.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,967.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,25,047.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17,447 | ജീന.കെ.അസി.എഞ്ചിനീയർ |
| 3-2 | | 1,525 | ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി |
| ആകെ | | 18,967 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 94,000 | ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി |

| | | |
|---|---|---|
| 1-12 | 69,900 | ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി |
| 1-13 (1) | 1,90,932 | -ടി- |
| 1-13(2) | 2,20,000 | ശ്രീ. ബി. ബാബുപ്രസാദ്, സെക്രട്ടറി, |
| 1-16 | 4,725 | ഡോ. എ.എ. ജയാന, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-18 | 2,10,000 | ഡോ.ചിത്ര മുകുന്ദൻ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 1-19 | 5,00,000 | ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി |
| 1-21 | 56,442 | ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി |
| 1-22 | 1,70,000 | ശ്രീമതി.ബിന്ദു, കൃഷി ഓഫീസർ |
| 1-24 | 10,49,048 | ശ്രീമതി.ബിന്ദു, ആർ.കൃഷി ഓഫീസർ |
| 1-32 | 60,000 | ജീന.കെ.അസി.എഞ്ചിനീയർ |
| ആകെ | 26,25,047 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.ബാബുപ്രസാദ്, സെക്രട്ടറി | റിട്ടയേർഡ് | ശ്രീപത്മം, വേങ്ങേരി.പി.ഒ, കോഴിക്കോട് |
| ഡോ.ചിത്ര മുകുന്ദൻ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി | മെഡിക്കൽ ഓഫീസർ, പിഎച്ച്സി, കക്കോടി | ഗ്രീഷ്മം, കക്കോടി.പി.ഒ, കോഴിക്കോട് |
| ശ്രീമതി. ജീന.കെ. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി.,കക്കോടി ഗ്രാമപഞ്ചായത്ത് | ജയ നിവാസ്, പെരുന്താട്ടി.പി.ഒ, തലശ്ശേരി |
| ശ്രീമതി. ബിന്ദു. ആർ, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കുരാച്ചുണ്ട് ബ്ലോക്ക് പഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ 4431, ബിലാത്തികുളം ഹൗസിംഗ് കോളനി, എരഞ്ഞിപ്പാലം, കോഴിക്കോട് |

## **4-11** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1984-85 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/(2)തി.29.04.10 | 3 | 7IB),11(B),15 |
| 1997-98 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1778/13(6) തി.19.09.14 | 3 | 40 (d),40(L),40(M) |
| 1998-99 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1778/13(7) തി.19.09.14 | 12 | 24(a),25,33,34,35,41,42, 44,45,46,47,51 |
| 1999-00 ഡി.സി.ബി | എൽ. എഫ്.കെ. .കെ.ഡി.പി.2/ 1778/13(8) തി.19.09.14 | 4 | 9.10,11,12 |
| 1999-00 പ്ലാൻ | എൽ. എഫ്.കെ. .കെ.ഡി.പി.2/ 1778/13(9) തി.19.09.14 | 13 | 10, 14(1), 14(2), 14(3), 14(4), 15, 16(2), 16(3), 16(4), 16(5), 17(1)b, 17(1)c, 17(2) |
| 2000-01 പ്ലാൻ | എൽ. എഫ്.കെ കെ.ഡി.പി.2/ 1206/14(1)തി.15.06.15 | 9 | 11(3),13,14,19,21(1), 21(2),21(3),22(1), 24(1) |
| 2001-02 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14(2)തി.15.06.15 | 2 | 3-5, 3-10(2) |
| 2001-02 (പ്ലാൻ) പ്ലാൻ | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14തി.15.06.15 | 1 | 6 |
| 2002-03 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14.തി.15.06.15 | 11 | 2-1,2-2,2-3,3-1,3-2, 3-3,3-5,3-8,3-11,3-16,3-17 |
| 20 2003-04 | എൽ. എഫ്.കെ. കെ.ഡി.പി.2/1206 /14(5)തി.15.06.15 | 4 | 3-6, 3-7, 3-9, 4-2 |
| 2004-05 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14(6)തി.15.06.15 | 13 | 2-2, 2-4, 3-1, 3-2, 3-6, 3-8, 3-9, 3-12, 3-13, 3-15,3-16, 3-17, 3-18 |
| 2005-06 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1920/14തി.03.06.15 | 10 | 3-3, 3-4, 3-6(1,2), 3-8,3-9, 3-10, 3-13, 3-15,3-16, 3-18 |
| 2006-07 | എൽ. എഫ്.കെ. .കെ.ഡി.പി.2/ 698/2015തി.09.06.15 | 21 | 1-d, 2-5, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21(1), (2), 3-22, 3-23, 3-24 (7), 4-3, 4-7 |
| 2007-08 | എൽ. എഫ്.കെ. .കെ.ഡി.പി.2/ 348/12.തി.14.12.12 | 31 | 1-6, 2-1,2-2(1 to8), 2-3(1,3,4,5),2-4(1,3),2-5(1,2), 2-6, 2-7, 2-8,2-9, 3-1,3-2(abc),3-3,3-4,3-5, 3-6,3-8,3-9.3-113-12, 3-13,3-14, 3-16,3-17,3-18, 3-19, 3-21,3-22, 3-23, 3-24,3-25 |

| | | | |
|---|---|---|---|
| 2008-09 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1592 /12.തി.10.06.13 | 27 | 1-3, 1-7, 2-1, 2-4,2-5(1,2), 2-6, 2-7, 2-8,2-9,2-10, 2-11, 3-2, 3-3,3-4(1to5)3-5, 3-6, 3-7,3-8, 3-9, 3-10, 3-11,3-12, 3-13,3-14, 3-15,3-16, 4-3 |
| 2009-10<br>2010-11 | കെ.എസ്.എ.കെ.കെ.ഡി/പി14/ 1779/2015 തി.05.12.15 | 13 | 1-4,2-1,2-2,(123),2-3,<br>2-5,3-3,3-4,3-6, 3-9,<br>3-12,3-16,3-17,3-20, |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.12/ 387/14.1തി.06.05.15 | 32 | 1-1, 1-2, 2-1,(1,2) 2-2,(3)<br>2-3(1),3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 ,3-9, 3-10,3-12, 3-133-14, 3-15,3-18,3-19,<br>3-19, 3-20,3-21, 3-22,3-23 3-,24,4-1, 4-2, 4-3,4-4,4-11 |
| 2013-14<br>2014-15 | കെ എസ് എ/കെ കെഡി/പി12 /424/16 തീ-01.04.2016 | 21 | 2-1,3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 ,3-9, 3-13,3-15, 3-16(1,2) |
| 2015-16 | കെ എസ് എ/ കെ കെ/ഡി/പി /9/1309/17തീ-17-1-18 | 16 | 2-2,3-1, 3-3,3-4,3-5,3-6, 3-7,3-8 , 3-11,3-13,3-14, 3-15,3-16, 3-17,3-18,,4-9 |
| 2016-17 | കെ എസ് എ/ കെ കെ/ഡി/പി /9/1834/17തീ-28-3-18 | 33 | 2-1,2-2,2-3(1,2),2-4, (2,3)2-5,2-6,2-7,2-8,3-1, 3-3(3,5,6,7)3-4,3-5, 3-6, 3-7(3) 3-9, 3-10,3-11,3-12, 3-13,3-14, 3-15,3-16(1,2,34), 3-17,3-18,3-19, 3-20,3-21, 3-22,3-23 3-,24,3-25,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി- 10/127/2020/<br>15.06.2020 | 12 | 3-5, 3-6, 3-7, 3-9, 3-12, 3-14,<br>3-15, 3-16, 3-17, 3-18, 3-20, 4-10 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം